# എക്സ്പ്രസ് ഹെറാൾഡ്

www.expressherald.com Christian Cultural newspaper

For Private circulation only | 8 Pages | Vol. XX Issue 64 2024 September


## നൂറുവർഷത്തെ ചരിത്രസ്മരണകളുമായി ഡാളസ് തിയോളജിക്കൽ സെമിനാരി



വേദശാസ്ത്രപഠനത്തിന് പ്രസിദ്ധിയാർജ്ജിച്ച ഡാളസ് തിയോളജിക്കൽ സെമിനാരി ആഗസ്റ്റ് മാസം നൂറുവർഷം പിന്നിട്ടിരിക്കുന്നു. പട്ടണത്തിന്റെ തിരക്കിൽ നിന്ന് അല്പം അകലെയാണ് സെമിനാരി സ്ഥിതി ചെയ്യുന്നത്. 1924-ൽ സ്ഥാപിതമായ സെമിനാരി ലക്ഷ്യപ്രാപ്തിക്കായി അതിവേഗം മുന്നേറുകയാണ്. രണ്ട് വർഷത്തെ മാസ്റ്റർ ഓഫ് ആർട്സ് (എംഎ), ഡോക്ടർ ഓഫ് മിനിസ്ട്രി (D.Min), കൗൺസിലിംഗിൽ മൂന്ന് വർഷത്തെ എം.എ. പ്രോഗ്രാം, ബൈബിൾ എക്സെജസിസിലും, ഭാഷാ ശാസ്ത്രത്തിലും രണ്ടു വർഷത്തെ എംഎ പ്രോഗ്രാമും ഒട്ടനവധി ഓൺലൈൻ കോഴ്സുകളും ഇവിടെ പഠനവിഷയമായി തെരഞ്ഞെടുക്കാവുന്നതാണ്. ഇവിടെ പഠനം പൂർത്തിയാക്കിയ പ്രതിഭകളാണ് ചക്ക് സ്വിൻഡോൾ (റേഡിയോ ബ്രോഡ്കാസ്റ്റ് ഇൻ സൈറ്റ് ഫോർ ലിവിങ്ങിന്റെ സ്ഥാപകൻ), ഡേവിഡ് ജെറിയ (ടേണിംഗ് പോയിന്റ് റേഡിയോ ആൻഡ് ടെലിവിഷൻ മന്ത്രാലയങ്ങളുടെ സ്ഥാപകൻ), മൈക്കൽ ജെ. ഈസ്ലി (മൂഡി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുൻ പ്രസിഡന്റ്). ഇന്ത്യയിലെ പ്രമുഖ ബൈബിൾ കോളേജുകളിൽ പഠിതാക്കൾക്ക് വിശാലമായ ഹോസ്റ്റൽ സൗകര്യം ലഭ്യമാണെങ്കിലും ഇവിടെ അത്തരത്തിലുള്ള സജ്ജീകരണം ലഭ്യമല്ല. അന്യരാജ്യങ്ങളിൽ നിന്ന് വരുന്നവർക്കും, ഇതര സംസ്ഥാനത്തിൽ നിന്ന് വരുന്നവർക്കും പട്ടണത്തിൽ എവിടെയെങ്കിലും താമസിച്ച് പഠനം നിർവ്വഹിക്കാവുന്നതാണ്. വിജ്ഞാനത്തിന്റെ വീഥിയിലേക്ക് നയിക്കുന്ന വിശാലമായ ലൈബ്രററിയും വിദ്യാർത്ഥികളെയും സന്ദർശകരെയും ഒരുപോലെ ആകർഷിക്കുന്നവയാണ്. മൂവായിരത്തിൽപ്പരം വിദ്യാർത്ഥികൾ വിവിധ സമയങ്ങളിലും ഓൺലൈനിലും തങ്ങളുടെ വേദശാസ്ത്രപഠനം നയിക്കുന്നു.

## അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പ്; പ്രചാരണം അന്ത്യഘട്ടത്തിലേക്ക്

തോമസ് മുല്ലക്കൽ



നവംബർ മാസം അഞ്ചാം തീയതി നടക്കുന്ന അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പ് പ്രചരണം അവസാനഘട്ടത്തിലേക്ക് കടക്കുന്നു. റിപ്പബ്ലിക്കൻ പാർട്ടിയുടെ സ്ഥാനാർത്ഥിയായി മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപും, ഡെമോക്രാറ്റിക് പാർട്ടിയുടെ സ്ഥാനാർത്ഥിയായി ഇപ്പോഴത്തെ അമേരിക്കൻ വൈസ് പ്രസിഡന്റ് കമലാ ഹാരിസുമാണ് മത്സരരംഗത്തുള്ളത്. അമേരിക്കയുടെ ചരിത്രത്തിൽ ഇതുവരെയും കാണാത്ത നാടകീയ സംഭവങ്ങൾക്കാണ് പൊതുലോകം ഇപ്പോൾ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. ഡൊണാൾഡ് ട്രംപിനെതിരെ നടന്ന വധശ്രമവും പ്രസിഡന്റ് ജോ ബൈഡനെ മാറ്റി കമല ഹാരിസിനെ പ്രസിഡന്റ് സ്ഥാനാർത്ഥിയായി കൊണ്ടുവന്നതുമൊക്കെ അതിൽ ചിലത് മാത്രമാണ്. ക്രിസ്തീയ വിശ്വാസത്തിൽ സ്ഥാപിക്കപ്പെടുകയും ക്രിസ്തീയ മൂല്യങ്ങൾ പിൻപറ്റുകയും ചെയ്തിരുന്ന രാജ്യമായതുകൊണ്ട് അമേരിക്കൻ തിരഞ്ഞെടുപ്പിലും രാഷ്ട്രീയക്കാർ ഒളിഞ്ഞും തെളിഞ്ഞും ക്രിസ്തിയ വിശ്വാസത്തെപ്പറ്റി പറയാറുണ്ട്. പൊതുവേ ഇവാഞ്ചലിക്കൽ ക്രിസ്ത്യാനികൾ റിപ്പബ്ലിക്കൻ പാർട്ടിയോട് അനുഭാവം പ്രകടിപ്പിക്കുന്നവരാണ്. എന്നാൽ ഇത്തവണ 'ഇവാഞ്ചലിക്കൽസ് ഫോർ ഹാരിസ്' എന്ന പേരിൽ ഡെമോക്രാറ്റിക് പാർട്ടിയും വ്യാപകമായി പ്രചരണം നടത്തുന്നുണ്ട്. സുപ്രസിദ്ധ സുവിശേഷകൻ ബില്ലിഗ്രഹാമിന്റെ കൊച്ചുമകളും ഈ കൂട്ടത്തിൽ കൂടിയത് ഇവാഞ്ചലിക്കൽ ക്രിസ്ത്യാനികളുടെ ഇടയിൽ അമ്പരപ്പ് ഉളവാക്കിയിട്ടുണ്ട്.

ഇപ്പോഴത്തെ തെരഞ്ഞെടുപ്പിൽ ഇസ്രായേൽ ഒരു പ്രമുഖ വിഷയമായി വ്യാപകമായി ചർച്ച ചെയ്യപ്പെടുന്നുണ്ട്. കമലാ ഹാരിസ് ഇസ്രയേലിനെ പിന്തുണയ്ക്കുന്നെങ്കിലും പ്രോപലസ്തീൻ പ്രസ്ഥാനങ്ങളുടെ വ്യാപകമായ പ്രതിഷേധ കൊടുങ്കാറ്റിൽ അവരുടെ പിന്തുണ നേർത്തതായി തുടരുന്നു. എന്നാൽ തന്റെ ഭരണത്തിന്റെ ആദ്യ ടേമിൽ ഡൊണാൾഡ് ട്രംപ് ഇസ്രയേലിനോടുള്ള ബന്ധത്തിൽ ചെയ്തതും വിദേശകാര്യനയതന്ത്രബന്ധങ്ങളിൽ താൻ ഉണ്ടാക്കിയെടുത്ത കൃത്യമായ നേട്ടങ്ങളുമുൾപ്പെടെ എടുത്തുപറഞ്ഞ് ഇസ്രായേലിന് സർവ്വപിന്തുണയും അദ്ദേഹം നൽകുന്നുണ്ട്.

എല്ലാ മേഖലകളിലും പരാജയപ്പെട്ട ബൈഡൻഹാരിസ് ടീമിൽനിന്നും വ്യത്യസ്തമായി ഹാരിസ് വാൻസ് കൂട്ടുകെട്ടിൽനിന്നും പ്രതീക്ഷിക്കുവാൻ ഒന്നുംതന്നെ ഇല്ലായെന്നാണ് അവരെയെതിർക്കുന്നവർ ബൈഡന്റെ പണപ്പെരുപ്പവും വിലക്കയറ്റവും വിദേശനയവും മറ്റും ചൂണ്ടിക്കാട്ടി പ്രസ്താവിക്കുന്നത്. ഡൊണാൾഡ് ട്രംപ് ജനാധിപത്യത്തിന് വലിയ ഭീഷണിയാണ് എന്ന് എതിർക്കൂട്ടരും ഒപ്പം ലിബറൽ മാദ്ധ്യമങ്ങളും മുന്നറിയിപ്പു നൽകുന്നു. നവംബർ ആറിന്റെ പുലരിയിൽ ആരുടെ പേരായിരിക്കും ലോകം കേൾക്കാൻ പോകുന്നതെന്നറിയാൻ അമേരിക്കയ്ക്കൊപ്പം ലോകവും കാതോർക്കുകയാണ്.

## ട്രംപിനെ പിന്തുണച്ചു മുൻ ഡെമോക്രാറ്റ് പാർട്ടി നേതാവ് തുളസി ഗബ്ബാർഡ്



വാഷിംഗ്ടൺ ഡി സി: 2024 ലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ട്രംപിനെ മുൻ ഡെമോക്രാറ്റ് പാർട്ടി നേതാവ് തുളസി ഗബ്ബാർഡ് പിന്തുണച്ചു.

ഹവായിയിൽ നിന്നുള്ള മുൻ കോൺഗ്രസ് വുമൺ, ഡെമോക്രാറ്റായി മാറിയ സ്വതന്ത്ര തുളസി ഗബ്ബാർഡ്, വൈസ് പ്രസിഡന്റ് കമലാ ഹാരിസിനെതിരായ 2024 ലെ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെ പിന്തുണച്ചു. 'രാഷ്ട്രീയ പ്രതികാരത്തിന്റെയും അധികാര ദുർവിനിയോഗത്തിന്റെയും ഈ സ്വാതന്ത്ര്യ വിരുദ്ധ സംസ്കാരത്തെ തള്ളിക്കളയാൻ അമേരിക്കക്കാരായ നമ്മൾ ഒരുമിച്ച് നിൽക്കണം. അമേരിക്കൻ ജനതയുടെ താൽപ്പര്യങ്ങൾക്ക് മുന്നിൽ സ്വന്തം അധികാരം നൽകുന്ന രാഷ്ട്രീയക്കാരാൽ നമ്മുടെ രാജ്യത്തെ നശിപ്പിക്കാൻ നമുക്ക് അനുവദിക്കാനാവില്ല. സ്വാതന്ത്ര്യവും നമ്മുടെ ഭാവിയും,' തിങ്കളാഴ്ച ഡിട്രോയിറ്റിൽ നടന്ന നാഷണൽ ഗാർഡ് കോൺഫറൻസിൽ ഗബ്ബാർഡ് പറഞ്ഞു.

താറുമാറായ അഫ്ഗാനിസ്ഥാൻ യുദ്ധം പിൻവലിച്ചതിനെത്തുടർന്ന് 13 യുഎസ് സൈനികർ കൊല്ലപ്പെട്ട ചാവേർ ബോംബാക്രമണത്തിന്റെ മൂന്നാം വാർഷികത്തിലായിരുന്നു ഗബ്ബാർഡിന്റെ അംഗീകാരം. 'നിങ്ങൾ ഒരു ഡെമോക്രാറ്റായാലും റിപ്പബ്ലിക്കനായാലും സ്വതന്ത്രനായാലും ഇന്ന് നിങ്ങളുടെ മുന്നിൽ നിൽക്കുന്നതിൽ ഞാൻ അഭിമാനിക്കുന്നു,' ഗബ്ബാർഡ് പറഞ്ഞു. 'ഞങ്ങളെപ്പോലെ നിങ്ങൾ നമ്മുടെ രാജ്യത്തെ സ്നേഹിക്കുന്നുവെങ്കിൽ, സമാധാനവും സ്വാതന്ത്ര്യവും നമ്മളെപ്പോലെ നിങ്ങളും വിലമതിക്കുന്നുവെങ്കിൽ, നമ്മുടെ രാജ്യത്തെ രക്ഷിക്കാനും പ്രസിഡന്റ് ഡൊണാൾഡ് ജെ. ട്രംപിനെ തിരഞ്ഞെടുത്ത് അദ്ദേഹത്തെ തിരികെ അയയ്ക്കാനും ഞങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യുന്നതിൽ എന്നോടൊപ്പം ചേരാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ രാജ്യത്തെ രക്ഷിക്കുന്നതിനും ജനങ്ങളെ സേവിക്കുന്നതിനുമുള്ള കഠിനമായ ജോലി ചെയ്യാൻ വൈറ്റ് ഹൗസ് തയ്യാറാണ്. മുൻ ഡെമോക്രാറ്റ് റോബർട്ട് എഫ്. കെന്നഡി ജൂനിയർ തന്റെ 2024ലെ സ്വതന്ത്ര പ്രസിഡൻഷ്യൽ ബിഡ് സസ്പെൻഡ് ചെയ്യുകയും ട്രംപിന് പിന്നിൽ പിന്തുണ നൽകുകയും ചെയ്തതിന് പിന്നാലെയാണ് ഈ അംഗീകാരം. ഡെമോക്രാറ്റിക് പാർട്ടി 'പ്രസിഡന്റ് ട്രംപിനും എനിക്കും എതിരെ തുടർച്ചയായ നിയമയുദ്ധം നടത്തി' എന്നും 'ഒരു വ്യാജ പ്രൈമറി നടത്തി' എന്നും കെന്നഡി തന്റെ പിൻവലിക്കൽ പ്രഖ്യാപനത്തിൽ അവകാശപ്പെട്ടു. തിരഞ്ഞെടുപ്പ് വരെ ട്രംപിനൊപ്പം പ്രചാരണം നടത്തുമെന്ന് ആർഎഫ്കെ ജൂനിയർ അഭിപ്രായപ്പെട്ടു.

## ടെക്സാസിൽ 20,000 വർഷം പഴക്കമുള്ള വൂളി മാമോത്തിന്റെ അസ്ഥികൾ കണ്ടെത്തി

പി പി ചെറിയാൻ

ടെക്സാസിൽ ഒരു കൂറ്റൻ വൂളി മാമോത്തിന്റെ പുരാതന അവശിഷ്ടങ്ങൾ കണ്ടെത്തി, ഇത് വലിയ തോതിലുള്ള ഖനനത്തിന് പ്രേരിപ്പിച്ചു.

ജൂണിൽ സെൻട്രൽ ടെക്സാസിൽ മീൻ പിടിക്കുന്നതിനിടെ രണ്ട് പേർ ഫോസിലിന്റെ ഒരു ഭാഗം കണ്ടെത്തി. താൻ നനഞ്ഞ കളിമൺ കുന്നിൽ കയറുകയായിരുന്നുവെന്ന് സബ്രീന സോളമൻ വാക്കോയിലെ ഡബ്ല്യുടിഎക്സ്സിനോട് പറഞ്ഞു.

സോളമനും അവളുടെ സുഹൃത്തും പാർക്ക് റേഞ്ചർമാർക്ക് മുന്നറിയിപ്പ് നൽകി. അവശിഷ്ടങ്ങൾ കമ്പിളി മാമോത്തിൽ നിന്നുള്ളതാണെന്ന് കരുതി. അവർ



സൈറ്റിലേക്ക് യാത്ര ചെയ്ത് ടാർലെറ്റൺ സ്റ്റേറ്റ് 3 യൂണിവേഴ്സിറ്റിയിലെ ജിയോസയൻസസ് ഇൻസ്ട്രക്ടറായ ക്രിസ് ജൂണ്ടുനനെ സമീപിച്ചു.

'ഞാൻ ഇവിടെ എത്തിയപ്പോൾ കണ്ടത് ഏകദേശം നാലോ അഞ്ചോ ഇഞ്ച് കൊമ്പാണ്... ഇതൊരു മാമോത്ത് ആണെന്ന് വ്യക്തമാണ്,' ജൂണ്ടുനെൻ വാർത്താസ്റ്റേഷനോട് പറഞ്ഞു. കമ്പിളി മാമോത്തുകൾ പതിനായിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് ഇന്നത്തെ ടെക്സാസിൽ വിഹരിച്ചിരുന്നു. ഇപ്പോൾ വംശനാശം സംഭവിച്ച ആനകളെ അവയുടെ നീളമുള്ള, വളഞ്ഞ കൊമ്പുകൾ, ചെറിയ ചെവികൾ, കട്ടിയുള്ളതും രോമങ്ങൾ നിറഞ്ഞതുമായ രോമങ്ങൾ എന്നിവയാൽ തിരിച്ചറിയാൻ കഴിയും.

# അമേരിക്കൻ മുൻ പ്രസിഡന്റ് ട്രംപിന്റെ ദൈവവിശ്വാസവും ദൈവീക സംരക്ഷണവും




അമേരിക്കൻ മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പെൻസിൽവേനിയിൽ തന്റെ ഇലക്ഷൻ പ്രചരണത്തിനിടയിൽ നടന്ന വധശ്രമത്തിനിടയിൽ വലിയപരുക്കുകളില്ലാതെയാണ് രക്ഷപ്പെട്ടത്. മനോധൈര്യം വീണ്ടെടുത്ത ട്രംപ് വീണ്ടും പ്രചരണത്തിനിറങ്ങിയപ്പോൾ തന്റെ പ്രഭാഷണത്തിൽ ഉദ്ധരിച്ച വാക്കുകൾ ഏറെ ശ്രദ്ധേയമാണ്. അത് ഇങ്ങനെയാണ്, ' ദൈവത്തിന്റെ കൃപയാണ് ദൈവം എന്നെ മരണത്തിൽ നിന്ന് രക്ഷപ്പെടുത്തിയത്.' മാനുഷീക സംരക്ഷണത്തേക്കാൾ അതീതമാണ് ദൈവം നൽകുന്ന സംരക്ഷണം മനുഷ്യന്റെ പദവിക്കനുസരിച്ചാണ് സംരക്ഷണത്തിന്റെ ഘടന നിശ്ചയിക്കുന്നത്. ഇന്ത്യയുടെ പ്രധാന മന്ത്രിക്ക് ലഭിക്കുന്ന സംരക്ഷണമായിരിക്കുകയല്ല ഒരു പാർലമെന്റ് അംഗത്വത്തിന് ലഭിക്കുന്നത്. സംരക്ഷണം എത്രമാത്രം വിപുലീകരിച്ചാലും അത് വിജയിക്കണമെന്നില്ല. അതിനുദാഹരണമാണ് ഇന്ത്യയുടെ മുൻ പ്രധാന മന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയുടെ വധം. അവർ വധിയ്ക്കപ്പെട്ടത് അവരെ സംരക്ഷിക്കുന്നതിനായി നിയോഗിച്ചിരുന്ന അംഗരക്ഷകരാൽആണന്നുള്ളത് മറ്റൊരു വിരോധാഭാസമാണ്.

മനുഷ്യന്റെ പദവിയും സമ്പത്തിനും അനുസരിച്ച് ശത്രുക്കൾ വർദ്ധിക്കുന്ന കാരണത്താൽ സംരക്ഷകരുടെ ആവിശ്യകത വർദ്ധിക്കുകയും ചെയ്യും. സ്വജീവനെ ഭയമുള്ളവർ ആണ് യാത്ര ചെയ്യുമ്പോഴും സ്വന്തം ഭവനത്തിലും തോക്ക് ഒഴിച്ചുകൂടാൻ കഴിയാത്ത അവശ്യഘടകമായ് കരുതുന്നത്. അമേരിയ്ക്കയിൽ ഭൂരിപക്ഷം കുടുംബങ്ങളിലും തോക്കുകൾ സൂക്ഷിക്കപ്പെടാറുണ്ടെന്നാണ് പറയപ്പെടുന്നത്. കൊള്ളക്കാരിൽ നിന്ന് രക്ഷപ്പെടുന്നതിനും ഭവനത്തിൽ ഉള്ളവരുടെ സംരക്ഷണവുമാണ്. ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത് പെന്തെക്കോസ്ത് വിശ്വാസികളുടെ ഭവനങ്ങളിലും ഇപ്പോൾ തോക്ക് സൂക്ഷിക്കാറുണ്ടെന്നാണ് പറയപ്പെടുന്നത്.

അമേരിക്കയിൽ നിലവിലുള്ള 50 സംസ്ഥാനങ്ങളിൽ 26 സംസ്ഥാനങ്ങളിൽ സ്കൂൾ ജീവനക്കാർക്കും, അദ്ധ്യാപകർക്കും സ്കൂൾ ഗ്രൗണ്ടിൽ തോക്ക് കൈവശം വയ്ക്കുന്നതിന് നിയമം അനുവദിയ്ക്കുന്നുണ്ട്. സംരക്ഷണത്തിന് വേണ്ടി തോക്കുകൾ സൂക്ഷിക്കുന്ന ഭവനങ്ങളിൽ അവിചാരിതമായ് സംഭവിക്കുന്ന കുടുംബ കലഹം മൂലം ഭാര്യയ്ക്ക് ഭർത്താവും, മക്കൾക്ക് മാതാപിതാക്കളും നഷ്ടപ്പെട്ട സംഭവങ്ങൾ നിരവധിയാണ്. ക്രിസ്തീയ കുടുംബങ്ങൾ ആയിട്ടും ആരാധനയും, പ്രാർത്ഥനയും ഇല്ലാത്ത ഭവനങ്ങളിലാണ് ഇത്തരം സംഭവങ്ങൾ അരങ്ങേറുന്നത്.

ദൈവ വിശ്വാസികളായ നമ്മുടെ സംരക്ഷണം ദൈവത്തിലാണ് നിലകൊള്ളുന്നത്. യഹോവ ഒരു ദോഷവും തട്ടാതവണ്ണം നിന്നെ പരിപാലിക്കും അവൻ നിന്റെ പ്രാണനെ പരിപാലിക്കും (സങ്കീർത്തനം 121:8) എന്നതാണ് ദൈവത്തിന്റെ വാഗ്ദാനം. ദൈവത്തിലാശ്രയിക്കുന്നവർക്കാണ് തന്റെ സംരക്ഷണം ലഭിക്കുന്നത്. ദൈവീക സംരക്ഷണം നഷ്ടമാകുമ്പോഴാണ് മാനുഷീക സംരക്ഷണത്തിലും, സഹായത്തിലും ആശ്രയിക്കുന്നത്. ഭക്തനായ ഇയ്യോബിന്റെ ജീവിതവിജയത്തിന്റെ അടിസ്ഥാനഘടകം ദൈവീക സംരക്ഷണമായിരുന്നു. ഇത് മനസ്സിലാക്കിയ സാത്താൻ ദൈവത്തോട് വാദിക്കുകയാണ്, വെറുതയോ ഇയ്യോബ് ഭക്തനായിരിക്കുന്നത്? നീ അവനും അവന്റെ വീടിനും അവനുള്ള സകലത്തിനും ചുറ്റും വേലികെട്ടിയിട്ടില്ലയോ? വേലി സംരക്ഷണത്തെയാണ് ഇവിടെ അർത്ഥമാക്കുന്നത്? സാത്താന്റെ ആവിശ്യ പ്രകാരം ഇയ്യോബിനെയും തന്റെ സർവ്വതും അല്പ സമയത്തേക്ക് സാത്താന് വിട്ടുകൊടുത്തു (ഇയ്യോബ് 1:10 മുതൽ 12 വരെയുള്ള വാക്യങ്ങൾ). പരിശോധനകൾ അനവധി വന്നപ്പോഴും ഇയ്യോബിന്റെ ദൈവ വിശ്വാസത്തിന് ഒരു കുറവും സംഭവിച്ചില്ല. അവൻ എന്നെ കൊന്നാലും ഞാൻ അവനെ തന്നെ കാത്തിരിക്കും, ഞാൻ എന്റെ നടപ്പ് അവന്റെ മുമ്പാകെ തെളിയിക്കും (ഇയ്യോബ് 13:15). ഇയ്യോബിനെപ്പോലെ പ്രതിസന്ധികളുടെ നടുവൽ പതറിപ്പോകാതെ ദൈവത്തിൽ അടിയുറച്ചു വിശ്വസിക്കുക, ദൈവപ്രവർത്തി വെളിപ്പെടുക തന്നെ ചെയ്യും. മനുഷ്യ ജീവിതത്തിൽ സംരക്ഷണം ആവശ്യമുള്ള മേഖലകളാണ് തൊഴിലിടങ്ങൾ, സ്വദേശത്തും വിദേശത്തുമുള്ള യാത്രകളിൽ പ്രത്യേകിച്ച് സ്വന്തം വീടും, നാടും, ബന്ധുക്കളെയുമെല്ലാം ഉപേക്ഷിച്ച് അന്യദേശത്ത് പരദേശവാസം നയിക്കുമ്പോൾ നാം എല്ലാവരും ആഗ്രഹിക്കുന്ന ഒന്നാണ് സംരക്ഷണം. ഇവിടെ മാനുഷീക സംരക്ഷണത്തിന് പരിമിതികളുണ്ട്. എന്നാൽ ദൈവീക സംരക്ഷണത്തിന് പരിമിതികളില്ല. ദൈവീകസംരക്ഷണം ലഭിക്കണമെങ്കിൽ ദൈവത്തെ നിഷ്ക്കളങ്കഹൃദയത്തോടു സ്നേഹിക്കുക, വിശ്വസിക്കുക, ആരാധിക്കുക. ജയത്തിന് കുതിര വ്യർത്ഥമാണ്. ആയതുകൊണ്ട് സൈന്യത്തിലും സ്വന്തം ശക്തിയിലും ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയിക്കുക. നിശ്ചയമായും ദൈവത്തിന്റെ വിടുതലിന്റെ കരം പ്രവർത്തിക്കും.

നിത്യതയായിരിക്കട്ടെ നമ്മുടെ ജീവിത ലക്ഷ്യം. മനുഷ്യ ജീവിതത്തിൽ സംരക്ഷണം ആവിശ്യമുള്ള മേഖലകളാണ് തൊഴിലിടങ്ങൾ, സ്വദേശത്തും, വിദേശത്തുമുള്ള യാത്രകളിൽ, പ്രത്യേകിച്ച് സ്വന്തം വീടും, നാടും, ബന്ധുക്കളെയുമെല്ലാം ഉപേക്ഷിച്ച് അന്യദേശത്ത് പരദേശവാസം നയിക്കുമ്പോൾ നാം എല്ലാവരും ആഗ്രഹിക്കുന്ന ഒന്നാണ് സംരക്ഷണം. ദൈവത്തിൽ ആശ്രയിക്കുന്നവർക്കാണ് ദൈവത്തിന്റെ സംരക്ഷണം ലഭ്യമാകുന്നത്. അനാഥയായ എസ്ഥേറിനെ രാജ്ഞിയുടെ പദവി കൊടുത്ത് ഉയർത്തിയതും, അന്യദേശത്ത് നിന്ന് വന്ന രൂത്തിനെ സംരക്ഷിച്ച് ബോവസിന്റെ പത്നിയാക്കിയതിന്റെ കാരണവും, ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും പ്രാർത്ഥനാ ജീവിതവുംആയിരുന്നു.

ആയതു കൊണ്ട് ദൈവത്തിൽ ആശ്രയിച്ച് വിശ്വാസത്തോടു കൂടി പ്രാർത്ഥിക്കുക. നിശ്ചയമായും ദൈവത്തിന്റെ വിടുതലിന്റെ കരം പ്രവർത്തിക്കും. നിത്യതയായിരിക്കട്ടെ നമ്മുടെ ജീവിതലക്ഷ്യം.


## Editorial Board


രാജു തരകൻ
(ചീഫ് എഡിറ്റർ)


തോമസ് മുല്ലയ്ക്കൽ
(എക്സിക്യൂട്ടിവ് എഡിറ്റർ)


ഷാജി മണിയാറ്റ്
(എക്സിക്യൂട്ടിവ് എഡിറ്റർ)


റവ. ഡോ. എ. യു ജോർജ്
(എക്സിക്യൂട്ടിവ് എഡിറ്റർ)


റവ. പി. പി. ചെറിയാൻ
(അസ്സോസിയേറ്റ് എഡിറ്റർ)


റവ പൊടിയൻ തോമസ്
(അസ്സോസിയേറ്റ് എഡിറ്റർ)

വാർത്തകൾ,
പരസ്യങ്ങൾ
മറ്റുരചനകൾ
അയയ്ക്കേണ്ട വിലാസം
news@expressherald.com |
www.expressherald.com
469 274 2926


# കേരള അസോസിയേഷൻ ഓഫ് ഡാലസ് ഇന്ത്യൻ സ്വാതന്ത്ര്യ ദിനം ആഘോഷിച്ചു




സിജു വി ജോർജ്

ഡാലസ്: കേരള അസോസിയേഷൻ ഓഫ് ഡാലസ് ഇന്ത്യൻ സ്വാതന്ത്ര്യ ദിനം ആഗസ്റ്റ് 15 ന് രാവിലെ 10:30ന് അസോസിയേഷൻ ഓഫീസിലെ മുമ്പിൽ ഇന്ത്യൻ പതാക ഉയർത്തി ആഘോഷപരിപാടികൾക്ക് തുടക്കം കുറിച്ചു. അസോസിയേഷൻ അംഗങ്ങൾ ഇന്ത്യൻ ദേശീയ ഗാനം ആലപിച്ചു. അസോസിയേഷൻ പ്രസിഡന്റ് പ്രദീപ് നാഗനൂലിൽ സ്വാതന്ത്ര്യദിന സന്ദേശം നൽകി. അസോസിയേഷന്റെ മുതിർന്ന പ്രവർത്തകനായ ഐ വർഗീസ്, ഷിജു എബ്രഹാം ഐ.സി.ഇ.സി പ്രസിഡന്റ്, പിസി മാത്യു ഗ്ലോബൽ ഇന്ത്യൻ കൗൺസിൽ, മാധ്യമപ്രവർത്തകനായ ചെറിയാൻ, അസോസിയേഷൻ/ഐ.സി.ഇ.സി ഭാരവാഹികളായ ദീപക് നായർ, സിജു വി. ജോർജ്, രാജൻ ഐസക്, ടോമി നെല്ലിവേലിൽ, സാബു മാത്യു, ജേക്കബ് സൈമൺ, ബേബി കോടുവത്ത് എന്നിവരും എക്സ്പ്രസ് ഹെറാൾഡ് പത്രാധിപർ രാജൂതരകൻ, ലാനാ മുൻ പ്രസിഡണ്ട് ജോസ് ഓച്ചാലിൽ, പി.ടി സെബാസ്റ്റ്യൻ, ടി.സി ചാക്കോ, ടി.പി. മാത്യു തുടങ്ങിയവരും സംബന്ധിച്ചു. സോഷ്യൽ സർവീസ് ഡോക്ടർ ജയ്സി ജോർജ് നന്ദി പറഞ്ഞു.

# ടെലിവിഷൻ ചാനലുകളുടെ ശ്രദ്ധയ്ക്ക്



ലാലി ജോസഫ്

ഈ കാലഘട്ടത്തിൽ ജനങ്ങൾ വാർത്തകൾ കേൾക്കുവാൻ വേണ്ടി ചാനലുകളെയാണ് ആശ്രയിക്കുന്നത്. ടെലിവിഷനും സ്മാർട്ട് ഫോണും ഇല്ലാതിരുന്ന സമയത്ത് വീടുകളിൽ കൊണ്ടിടുന്ന പത്രങ്ങളിൽ കൂടിയായിരുന്നു ജനങ്ങളിലേക്ക് വാർത്തകൾ എത്തികൊണ്ടിരുന്നത്. ചിലർ രാഷ്ട്രീയ കാര്യം അറിയാൻ ആഗ്രഹിക്കുന്നു. മറ്റു ചിലർ അന്തർദേശിയമായ തലത്ത് നടക്കുന്ന കാര്യമായിരിക്കും വായിക്കാൻ ഇഷ്ടപ്പെടുന്നത്. ചിലർ സ്പോർട്സ് വാർത്തകൾ ഇഷ്ടപ്പെടുന്നു. മറ്റു ചിലർ ചരമ കോളങ്ങളിലേക്ക് ആയിരിക്കും ശ്രദ്ധ തിരിക്കുന്നത്. ഒരോ വ്യക്തികളിലും വ്യത്യസ്തമായ ഇഷ്ടങ്ങളാണ്. അവരവരുടെ ഇഷ്ടത്തെ മാനിക്കുക മറിച്ച് നീ എന്തുകൊണ്ട് ഞാൻ ഇഷ്ടപ്പെടുന്നത് ഇഷ്ടപ്പെടുന്നില്ല എന്ന ചോദ്യം തന്നെ അപ്രസ്തമാണ്.

നാട്ടിലുള്ള ഒരു ബന്ധുവിന്റെ അഭ്യർത്ഥന മാനിച്ചാണ് ഈ ലേഖനം ഏഴുതുന്നത്. എഴുതുവാൻ മാത്രം ഉള്ള ഒരു വിഷയമായിട്ട് ആദ്യം തോന്നിയില്ല. അതുകൊണ്ടു തന്നെ അതിന് വലിയ വിലയും കൽപ്പിച്ചില്ല. വീണ്ടും ആ വ്യക്തി എന്നോട് വൈകാരികമായിട്ട് പറഞ്ഞപ്പോൾ എഴുതണമെന്ന തോന്നൽ ഉണ്ടായി.

ഈ കക്ഷിയും അവരുടെ സുഹൃത്തുക്കളും ചാനലുകളുടെ മുൻമ്പിൽ ഇരുന്നു വാർത്തകൾ കേൾക്കുന്നവരാണ്. ഇവരുടെ പരാതി എന്താണെന്നു വച്ചാൽ താഴെ എഴുതി കാണിക്കുന്ന വാർത്തകൾ വളരെ വേഗത്തിൽ മാറുന്നു.

പിന്നീടു പല പ്രവശ്യമായിട്ട് വീണ്ടും വീണ്ടും എഴുതി വരുന്നുണ്ട്. എങ്കിലും അവർക്ക് അതു മുഴുവനായി വായിച്ചെടുക്കുവാൻ സാധിക്കുന്നില്ല. അത് അവരെ ഒരുപാട് അസ്വസ്ഥരാക്കുന്നുണ്ട്. ഇത് ഒരാളുടെ മാത്രം കാര്യം അല്ല. ഒരു കൂട്ടം ജനങ്ങളുടെ പ്രശ്നം ആണ്. പെട്ടെന്ന് മിന്നി മറയുന്ന വാർത്തകൾക്ക് ഒപ്പം അവരുടെ കണ്ണും മനസ്സും എത്തുകയില്ല. കാര്യം നിസ്സാരം പ്രശ്നം ഗുരുതരം എന്ന് പറയുന്നതു പോലെയാണ് ഇത്. ഒരു ദിവസത്തെ മാത്രം കാര്യം ആയിരുന്നെങ്കിൽ വലിയ പ്രശ്നം ഇല്ലായിരുന്നു. ദിവസവും ഇവർ ഇതിനെ അഭിമുഖീകരിക്കുമ്പോൾ അത് അവരുടെ മാനസിക പിരിമുറുക്കത്തെ കൂട്ടും. അവർ പറയുന്നത് ഇങ്ങിനെയാണ് എൽ. ഇ. ഡി ബൾബ് (LED bulb) തെളിയുന്നതു പോലെ ഒരേ സമയത്ത് മൂന്നും നാലും വാർത്തകൾ മിന്നിതെളിഞ്ഞ് പോയികൊണ്ടിരിക്കും. പത്ത് അൻമ്പത് പ്രാവശ്യമായിട്ട് മാറി മാറി വാർത്തകൾ വരുന്നുണ്ട്. പക്ഷെ നാല് അഞ്ച് പ്രാവശ്യം ആയി ചുരുക്കി സാവകാശത്തിൽ

കാണിച്ചാൽ ജനങ്ങൾക്ക് വായിക്കുവാൻ സാധിക്കും., ആർക്കു വേണ്ടിയാണ് ഈ വാർത്ത എഴുതി കാണിക്കുന്നത്, പ്രേക്ഷകർ അങ്ങോട്ടും ഇങ്ങോട്ടും ചർച്ച ചെയ്യുന്ന ഗുരുതരമായ ഒരു പ്രശ്നം ആണിത്.

എല്ലാം ചാനലുകളും എഴുതി കാണിക്കുന്നത് വളരെ വേഗത്തിലാണ്. ചാനലുകാർ മനസിലാക്കേണ്ട കാര്യം ജനങ്ങൾക്ക് അത്രയും വേഗത്തിൽ ഓടുവാൻ സാധിക്കില്ല. ചിലർ വളരെ പെട്ടെന്ന് വായിച്ചെടുക്കും. മറ്റു ചിലർ വളരെ സാവകാശമേ വായിച്ചെടുക്കുകയുള്ളും. അവരുടെ മാനസിക നിലവാരം മാനിക്കേണ്ടതാണ്.

പ്രയമായവർക്ക് മാത്രമായിരിക്കും വായിച്ചെടുക്കുവാൻ ബുദ്ധിമുട്ട് ഉണ്ടായിരിക്കുമെന്ന് ചിന്തിച്ചേക്കാം. പല പ്രായക്കാരുമായിട്ട് ഈ വിഷയത്തെ കുറിച്ച് സംസാരിച്ചപ്പോൾ എല്ലാംവരും ഒരേ അഭിപ്രായം തന്നെയാണ് പറയുന്നത്. അപ്പോൾ മനസിലായി ഇത് ഒരു ഗുരുതരമായ പ്രശ്നം തന്നെയാണ്. ഒരു വ്യ

▸▸ ശേഷം 4-ാം പേജ്

# ആടുജീവിതം സിനിമ



സണ്ണി മാളിയേക്കൽ

## ആടുജീവിതം സിനിമ കണ്ടു... അപ്പോൾ ഞാൻ ഓർത്തത് ലാലിചേച്ചിയെ ആയിരുന്നു... പിന്നെ 32 വർഷം മുമ്പ് അവർ അനുഭവിച്ച ആ അമേരിക്കൻ നായ ജീവിതവും :



**40** കൊല്ലം മുമ്പ് ഞാൻ അമേരിക്കയിൽ വന്ന സമയം കഷ്ടപ്പാടിന്റെ കാലം....കാറിൽ മദാമ്മയുടെ മടിയിൽ ഇരുന്ന് സുഖയാത്ര ചെയ്യുന്ന നായകളെ അസൂയയോടെ നോക്കി നിന്നിട്ടുണ്ട്....ഇനിയൊരു ജന്മം ഉണ്ടെങ്കിൽ അമേരിക്കയിൽ ഒരു നായ ആയി ജനിക്കണമെന്ന് ആഗ്രഹിച്ചിട്ടുണ്ട്. നായക്ക് നല്ല സുഖം ആണ്. പക്ഷേ ലോക് ഡൌൺ. അതാണ് അമേരിക്കൻ നായ ജീവിതം.

ഇനി കഥയിലേക്ക് വരാം... 92 ൽ എന്റെ സുഹൃത്ത് അഗസ്റ്റിൻ കുരുവിള അമേരിക്കയിൽ എത്തി. എന്റെ വീട്ടിലാണ് താമസം. അവൻ എന്റെ കയ്യിൽ രണ്ട് കവർ തന്നിട്ട് പറഞ്ഞു "എടാ ഇത് നമ്മുടെ വർഗീസ് ചേട്ടൻ നിനക്ക് തരാൻ പറഞ്ഞു".

ഞാൻ കത്ത് വായിച്ച് വിഷമത്തോടെ അഗസ്റ്റിനെ നോക്കി. കഴിഞ്ഞ ഒരു വർഷത്തിലേറെയായി വർഗീസ് ചേട്ടന്റെ ഭാര്യ ലാലി ചേച്ചി കണറ്റിക്കട്ടിലെ ഒരു വീട്ടിൽ തടങ്കലിൽ ആണു പോലും... അന്ന് മൊബൈൽ ഫോൺ അത്ര പോപ്പുലർ ആയിട്ടില്ല. ബോസ്റ്റോൺ നഗരത്തിൽ ഒരു കോൺഫറൻസിൽ പങ്കെടുക്കാനെത്തിയതായിരുന്നു നാട്ടിൽ അദ്ധ്യാപിക ആയ ലാലി ചേച്ചി. ചേച്ചിയുടെ അമേരിക്കൻ സ്വപ്നം മനസ്സിലാക്കിയ ഒരു മലയാളി കുടുംബം സൂത്രത്തിൽ ചേച്ചിയെ പാട്ടിലാക്കി... അവരുടെ വീട്ടിൽ താമസിക്കാൻ സൗകര്യം കൊടുക്കാം... ആറ് മാസത്തിനുള്ളിൽ അമേരിക്കയിൽ ഗ്രീൻ കാർഡ് കിട്ടാൻ സഹായിക്കാം... തുടങ്ങിയ വാഗ്ദാനവും. പകരം അവരുടെ രണ്ടു വയസ്സുള്ള കുട്ടിയെ നോക്കണം... ചേച്ചി സമ്മതിച്ചു. ഒരു വർഷം കഴിഞ്ഞു... ശമ്പളം ഇല്ല. ഗ്രീൻ കാർഡ് ഇല്ല ഭീഷണി തുടങ്ങി... ഇമിഗ്രേഷൻകാരെ കൊണ്ട് പിടിച്ചു ജയിലിൽ ഇടും എന്നൊക്കെ...ആത്മഹത്യയെക്കുറിച്ച് പോലും ചിന്തിച്ച സമയം.

പിറ്റേന്ന് രാവിലെ തന്നെ ഞങ്ങൾ അഞ്ച് പേർ, എന്റെ അങ്കിൾ തങ്കചായൻ, കസിൻമാരായ ഷാജി, റെജി, പിന്നെ അഗസ്റ്റിനും ഞാനും കണക്ടിക്കറ്റിലേക്ക് പുറപ്പെട്ടു. ഉച്ചയോടെ ഒരുവിധം ആ വീട് തപ്പിപ്പിടിച്ച് ഞങ്ങൾ കതകിൽ മുട്ടി വാതിൽ തുറന്നു... ഗൃഹനാഥൻ ആദ്യം ചേച്ചിയെ കാണാൻ സമ്മതിച്ചില്ല. മാത്രമല്ല പോലീസിനെ വിളിക്കും എന്ന് പറഞ്ഞു... ഞാൻ തന്നെ പോലിസിനെ വിവരം അറിയിക്കാം അവർ വന്നാൽ നിങ്ങൾ അകത്തു പോകും എന്ന് പറഞ്ഞു പുറത്തിറങ്ങി... അതു വരെ അകത്തു നിന്ന അയാളുടെ ഭാര്യ പുറത്തേക്ക് വന്നു. ദയവായി പൊലീസിനെ വിളിക്കരുത്... ഞങ്ങൾ എന്തു വേണമെങ്കിലും ചെയ്യാം ചേച്ചിയെ നിങ്ങൾ കൊണ്ട് പൊയ്ക്കോ... മുഴുവൻ ശമ്പളവും തന്നേക്കാം.

ചേച്ചിയെ ഞങ്ങൾ അപ്പോൾ തന്നെ കൊണ്ട് പോന്നു. പുറപ്പെടും മുമ്പ് ചേച്ചി അവിടുന്ന് ഫോണിൽ നാട്ടിലേക്ക് വിളിച്ചു.. നീണ്ട ഇടവേളയ്ക്ക് ശേഷം വർഗീസ് ചേട്ടനോട് സംസാരിച്ചു...കണ്ടു നിൽക്കാൻ ബുദ്ധിമുട്ടായിരുന്നു ആ രംഗം....

തിരിച്ചു പോരുമ്പോൾ നിരാശയോടെ തങ്കച്ചായനും ഷാജിയും പറഞ്ഞു "നാട്ടിൽ ആയിരുന്നെങ്കിൽ ആ തെണ്ടിക്കിട്ട് രണ്ടെണ്ണം പൊട്ടിക്കാമായിരുന്നു".

ലാലി ചേച്ചി വാശിക്കാരി ആയിരുന്നു... തിരിച്ചു പോയില്ല പഠിക്കാൻ ചേർന്ന്, ആ കോളേജിൽ തന്നെ അദ്ധ്യാപിക ആയി വർഗീസ് ചേട്ടനെയും മക്കളേയും അമേരിക്കയിൽ കൊണ്ടുവന്നു...

ആടുജീവിതം കണ്ടപ്പോൾ ലാലി ചേച്ചിയുടെ ആ പഴയ 'അർബാബ്' നെ ഞാൻ ഓർത്തു... എവിടെയാണാവോ!!

# അമേരിക്കൻ തെരഞ്ഞെടുപ്പിൽ തേങ്ങയാണ് താരം

## വാഷിംഗ്ടൺ ഡിസിയിൽനിന്ന് പി.ടി. ചാക്കോ



**വാ**ഷിംഗ്ടൺ ഡിസി: അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ പെട്ടെന്നാണ് തേങ്ങ താരമായത്. ഡെമോക്രാറ്റിക് പ്രസിഡന്റ് സ്ഥാനാർത്ഥി കമല ഹാരിസിന്റെ ഒരു പഴയ പ്രയോഗത്തെ തേച്ചുമിനുക്കി സോഷ്യൽ മീഡിയ വൈറലാക്കി. തെങ്ങിൽനിന്നു പൊടുന്നനവെ പൊട്ടിവീണതുപോലെയാണ് യുവജനങ്ങൾ പെരുമാറുന്നത് എന്ന് കമല പറഞ്ഞ സംഭാഷണവും തുടർന്നുള്ള കിലുക്കാംപെട്ടിയിൽനിന്നെന്നപോലുള്ള അവരുടെ ചിരിയുമാണ് ഇപ്പോൾ പുനർനിർമിച്ചിച്ച് ഹിറ്റായിരിക്കുന്നത്.

ഹിസ്പാനിക് അമേരിക്കൻസിനു തൊഴിൽ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് 2023 മെയ് മാസത്തിൽ നടന്ന സിമ്പോസിയത്തിൽ പ്രസംഗിക്കുകയായിരുന്നു കമല ഹാരിസ്. സ്പെയിൻകാർ ഉൾപ്പെടുന്ന ഹിസ്പാനിക് അമേരിക്കൻസ് അവിടത്തെ ഏറ്റവും വലിയ വംശീയന്യൂനപക്ഷമാണ്. ജനസംഖ്യയുടെ 18 ശതമാനം വരും. ഹിസ്പാനിക് യുവാക്കൾക്ക് കൂടുതൽ വിദ്യാഭ്യാസ, സാമ്പത്തിക അവസരങ്ങൾ സൃഷ്ടിക്കുന്നതിനെക്കുറിച്ചുള്ള പ്രസംഗത്തിനിടയാൽ തങ്ങൾ കുട്ടികളായിരുന്നപ്പോൾ അമ്മ ശ്യാമള ഗോപാലൻ പറഞ്ഞതിനെ അവർ ഉദ്ധരിക്കുകയായിരുന്നു. തെങ്ങിൽനിന്നു പൊട്ടിവീണവരെപ്പോലെയാണ് കുട്ടികൾ പെരുമാറുന്നത് എന്നായിരുന്നു അമ്മയുടെ പരാമർശം. നമ്മൾ ജീവിക്കുന്ന സാഹചര്യവും സന്ദർഭവും മനസിലാക്കണമെന്നും കുട്ടികൾ പൊട്ടിവീണവരല്ലെന്നും ചുറ്റുമുള്ളവരെ പരിഗണിക്കണമെന്നമാണ് ശ്യാമള ഉദ്ദേശിച്ചത്.

ഹാരിസിന്റെ സഹജീവികളോടുള്ള കരുതലിന്റെ ഏട് എന്ന മട്ടിലാണ് ഡെമോക്രാറ്റുകൾ പ്രസംഗത്തിലെ ഈ ഭാഗം പ്രചരിപ്പിക്കുന്നത്. ചെന്നൈ സ്വദേശിയായ ശ്യാമള ഡൽഹിയിൽ പഠിച്ചശേഷമാണ് 19–ാം വയസിൽ ഗവേഷണത്തിന് ബെർക്ക്‌ലി യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയയിൽ ചേർന്നത്. ജമൈക്കയിൽനിന്ന് പഠിക്കാനെത്തിയ ഡൊണാൾഡ് ജെ. ഹാരിസിനെ 1963ൽ കല്യാണം കഴിച്ചു. കമലയ്ക്ക് 7 വയസുള്ളപ്പോൾ വിവാഹമോചനം നേടി. സ്തനാർബുദം ഗവേണവിഷയമാക്കിയ ശ്യാമള 70–ാം വയസിൽ വൻകുടലിന് കാൻസർ ബാധിച്ചാണ് അമേരിക്കയിൽ വച്ച് മരിച്ചത്. തുടർന്ന് ചെന്നൈയിൽ കൊണ്ടുപോയാണ് അവരുടെ ചിതാഭസ്മം നിമജ്ഞനം ചെയ്തത്. മികച്ച ശാസ്ത്രീയ സംഗീതജ്ഞയുമായിരുന്നു അവർ. അമ്മയുടെ സ്വാധീനമാണ് തന്നെയും സഹോദരിമായ ഹാരിസിനെയും കരുത്തുറ്റ വനിതകളാക്കിയതെന്ന് കമല പറയുന്നു. കമല ഹാരിസിന്റെ തേങ്ങാപ്രയോഗം അവർ പ്രസിഡന്റ് സ്ഥാനാർത്ഥിയായ ശേഷമാണ് തരംഗമായത്. ഹവായ് സെനറ്റർ ബ്രയാൻ ഷാറ്റ്സ് തെങ്ങിൽ കയറി നില്ക്കുന്ന ചിത്രം സോഷ്യൽ മീഡിയയിൽ പങ്കുവച്ചാണ് പിന്തുണ പ്രകടിപ്പിച്ചത്. 'മാഡം വൈസ് പ്രസിഡന്റ് സഹായിക്കാൻ തയാർ' എന്നായിരുന്നു ക്യാപ്ഷൻ.

ഡെമോക്രാറ്റിക് നേതാക്കൾ തെങ്ങ് സഹിതമാണ് സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്യുന്നത്. ഇളംപച്ച നിറത്തിലുള്ള ടി ഷർട്ടുകൾ ധരിച്ചാണ് ഡെമോക്രാറ്റുകളായ യുവാക്കൾ പ്രചാരണം നടത്തുന്നത്. സഹജീവികളെ ചേർത്തുപിടിക്കുന്ന മനോഹരമായ പ്രചാരണായുധമായി തെങ്ങും തേങ്ങയും അമേരിക്കയിൽ വിലസുകയാണിപ്പോൾ!

# ടെക്സാസിലെ ഏറ്റവും ഉയരം കൂടിയ പ്രതിമ അനാച്ഛാദനം ചെയ്തു

പി പി ചെറിയാൻ

**ഷു**ഗർ ലാൻഡ്(ഹൂസ്റ്റൺ)



ഹൂസ്റ്റൺ ഷുഗർ ലാൻഡിൽ ശ്രീ അഷ്ടലക്ഷ്മി ക്ഷേത്രത്തിലെ മഹത്തായ ചടങ്ങിൽ, ഹനുമാന്റെ 90 അടി ഉയരമുള്ള വെങ്കല പ്രതിമ അനാച്ഛാദനം ചെയ്തു. ഇത് സംസ്ഥാനത്തിന്റെ സാംസ്കാരികവും ആത്മീയവുമായ ഭൂപ്രകൃതിയിൽ ഒരു സുപ്രധാന നാഴികക്കല്ല് അടയാളപ്പെടുത്തി.

'സ്റ്റാച്യു ഓഫ് യൂണിയൻ' എന്ന് പേരിട്ടിരിക്കുന്ന ഈ കൂറ്റൻ ശില്പം ഇപ്പോൾ ഇന്ത്യക്ക് പുറത്തുള്ള ഏറ്റവും ഉയരം കൂടിയ ഹനുമാൻ മൂർത്തിയും ടെക്സാസിലെ ഏറ്റവും ഉയരം കൂടിയ പ്രതിമയും യുഎസിലെ ഏറ്റവും ഉയരം കൂടിയ മൂന്നാമത്തെ പ്രതിമയുമാണ്, ന്യൂയോർക്കിലെ സ്റ്റാച്യു ഓഫ് ലിബർട്ടി, പെഗാസസ് ആൻഡ് ഡ്രാഗൺ എന്നിവയ്ക്ക് പിന്നിൽ. ഫ്ലോറിഡ, സംഘാടകർ പറഞ്ഞു.

ആഗസ്റ്റ് 15 മുതൽ 18 വരെ നടന്ന പ്രതിമയുടെ 'പ്രാണപ്രതിഷ്ഠ മഹോത്സവം' ചടങ്ങ്. ഇന്ത്യയുടെ സ്വാതന്ത്ര്യ ദിനത്തോട് അനുബന്ധിച്ച് നടന്ന ചടങ്ങിൽ, 'നിസ്സ്വാർത്ഥത, ഭക്തി, ഐക്യം എന്നിവയുടെ പ്രതീകമായ പ്രതിമ സ്ഥാപിക്കുന്നതിന് സാക്ഷ്യം വഹിക്കാൻ ആയിരക്കണക്കിന് ഭക്തർ ഒത്തുകൂടി.

പത്മഭൂഷൺ ജേതാവും വേദപണ്ഡിതനുമായ ശ്രീ ചിന്നജീയർ സ്വാമിയാണ് പദ്ധതിക്ക് നേതൃത്വം നൽകിയത്. ഭൂഖണ്ഡത്തിലുടനീളം ഭക്തിയും ഐക്യവും പ്രചരിപ്പിക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞുകൊണ്ട് വടക്കേ അമേരിക്കയുടെ ആത്മീയ പ്രഭവകേന്ദ്രമായി അദ്ദേഹം പ്രതിമയെ വിഭാവനം ചെയ്തു. നിരവധി വൈദിക പുരോഹിതന്മാരും പണ്ഡിതന്മാരും ചേർന്നാണ് ചടങ്ങുകൾക്ക് നേതൃത്വം നൽകിയത്, അവർ വിശുദ്ധജലം തളിക്കലും ഹനുമാന്റെ കഴുത്തിൽ 72 അടി മാല ചാർത്തലും ഉൾപ്പെടെ വിപുലമായ ചടങ്ങുകൾ നടത്തി. ഒരു ഹെലികോപ്റ്ററും പ്രതിമയിൽ പുഷ്പങ്ങൾ ചൊരിഞ്ഞു, പരിപാടിയുടെ ആത്മീയ മഹത്വം വർദ്ധിപ്പിച്ചു.

പ്രതിമയെ ഐക്യത്തിന്റെ പ്രതീകമായി അവതരിപ്പിക്കാൻ ക്ഷേത്രം ശ്രമിച്ചെങ്കിലും, ഇത് ചില യാഥാസ്ഥിതിക, ക്രിസ്ത്യൻ ഗ്രൂപ്പുകൾക്കിടയിൽ വിവാദത്തിന് തിരികൊളുത്തി. സോഷ്യൽ മീഡിയ അക്കൗണ്ടുകളും വലതുപക്ഷ വെബ്സൈറ്റുകളും പ്രതിമയെ 'പൈശാചിക' എന്ന് മുദ്രകുത്തി, ചിലർ ഇത് ദൈവിക പ്രതികാരത്തിന് കാരണമാകുമെന്ന് അവകാശപ്പെടുന്നു.

# ശ്മശാനം - പിരിമുറുക്കങ്ങളെ അലിയിച്ചില്ലാതാക്കുന്ന ഊഷര ഭൂമി



പി.പി. ചെറിയാൻ

എല്ലാവരും അംഗീകരിക്കുന്ന യാഥാർത്ഥ്യമാണ് മരണം. അതിനെ അഭിമുഖീകരിക്കുകയെന്നല്ലാതെ ഒഴിഞ്ഞുമാറുകയെന്നത് മനുഷ്യരാൽ അസാധ്യം. ധനവാനും ദരിദ്രനും, പണ്ഡിതനും പാമരനും ഉൾപ്പെടെ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പരിലസിക്കുന്ന നാമെല്ലാവരും ഇന്നല്ലെങ്കിൽ നാളെ ശ്മശാന ഭൂമിയിൽ ആറടി മണ്ണിൽ താത്കാലിക നിദ്രയിൽ ലയിക്കേണ്ടവരാണ്.

തൃശൂർ റൗണ്ടിൽ നിന്നും രണ്ടു മൈൽ ജൂബിലി മിഷൻ ആശുപത്രിയും. മാർ അപ്രേം പള്ളിയും പിന്നിട്ടു കിഴക്കോട്ടു പോകുമ്പോൾ ചെന്നെത്തുന്നത് പ്രകൃതി രമണീയമായ നെല്ലിക്കുന്ന് പ്രദേശത്താണ്. ഇവിടെയായിരുന്നു മൂന്ന് പതിറ്റാണ്ടു മുൻപ് അമേരിക്കയിലേക്ക് കടന്നു വരുന്നതിനുമുമ്പ് ഞാൻ ജനിച്ചു വളർന്ന വീട്.

ഈ വീടിനു പുറകിൽ ചുടല എന്നൊരു ശ്മശാനഭൂമി ഉണ്ടായിരുന്നു. സമീപപ്രദേശങ്ങളിൽ മരിച്ച അനാഥരെയും. ചില പ്രത്യേക മതവിഭാഗങ്ങളിലെ മരിച്ചവരെയും അടക്കം ചെയ്തിരുന്ന സ്ഥലമാണ് ചുടല. വീടിനു പുറകിൽ നീണ്ടു കിടക്കുന്ന പറമ്പിനു അതിർത്തി തിരിച്ചിരിക്കുന്ന മുള്ളു വേലിക്കു ചുറ്റും വളർന്നു പന്തലിച്ചു നിൽക്കുന്ന മുളങ്കാടിനു സമീപം നിന്ന് ചുടലയിൽ നടക്കുന്ന ഓരോ സംസ്കാരച്ചടങ്ങുകളും കാണുക എന്നത് ചെറുപ്പം മുതൽ എന്നിൽ അങ്കുരിച്ച താല്പര്യമായിരുന്നു അമേരിക്കയിൽ എത്തിയിട്ടും എന്നെ ശ്മശാന ഭൂമിയിലേക്കു ആകർഷിക്കാൻ പ്രേരിപ്പിക്കുന്നത് ഇതായിരിക്കാം എന്നാണ് എന്റെ വിശ്വാസം.

ഡാളസിൽ ഞാൻ താമസിക്കുന്ന സ്ഥലത്തിനു സമീപത്തും കണ്ണെത്താദൂരത്തു വ്യാപിച്ചു കിടക്കുന്ന നിരവധി ശ്മശാനങ്ങളുണ്ട്. മരണത്തോടുള്ള ബന്ധത്തിലോ, അവസരം ലഭിക്കുമ്പോളോ അവിടം സന്ദർശിച്ചു അൽപസമയം ശാന്തമായി ചിലവഴിക്കുന്നത് എന്നെ സംബന്ധിച്ച് മനസ്സിലെ പിരിമുറുക്കങ്ങളെ അലിയിച്ചില്ലാതാക്കുന്നതും അല്പമല്ലാത്ത ആശ്വാസം പകരുന്നതുമായ സന്ദർഭങ്ങളാണ്. അവിടെ യാതൊരു അല്ലലുമില്ലാത്ത നീണ്ട നിദ്രയിൽ വിശ്രമിക്കുന്നവരോട് ചിലപ്പോഴെങ്കിലും അസൂയയും തോന്നാതിരുന്നിട്ടില്ല. പലപ്പോഴും എന്റെ ശ്മശാന സന്ദർശമെന്ന ആശയം സുഹൃത്തുക്കളുമായി പങ്കിട്ടപ്പോൾ പലർക്കും അത് ഉൾക്കൊള്ളാൻ കഴിയുന്നില്ലെന്നു മാത്രമല്ല അതവർക്ക് ഭയാനകവും അരോചകവും ആയിട്ടാണ് തോന്നിയിട്ടുള്ളത്.

ശവകുടീരങ്ങളിലെ സ്മാരക ഫലകങ്ങളിൽ കൊത്തിവെച്ചിട്ടുള്ള ലിഖിതങ്ങൾ വായിക്കുക എന്നുള്ളത് ശ്മശാന സന്ദർശനത്തിന്റെ മറ്റൊരു ലക്ഷ്യം കൂടിയാണ് ഒരു മനുഷ്യന്റെ കഴിഞ്ഞകാല ജീവിതത്തെ കുറിച്ചും ഭാവി പ്രത്യാശയേയും കുറിച്ചുള്ള സൂചനകൾ ലിഖിതങ്ങളിൽ നിന്നും വ്യക്തമാണ്. മാർബിൾ ഫലകങ്ങളിൽ കൊത്തി വെച്ചിട്ടുള്ള നിരവധി വാക്യങ്ങളും വാചകങ്ങളും യഥാർത്ഥത്തിൽ ഓരോ പ്രസംഗങ്ങൾ ആയിട്ടാണ് എനിക്ക് അനുഭവപെട്ടിട്ടുള്ളത്.

എന്റെ ഒരു സ്നേഹിതന്റെ സാക്ഷ്യമായി അദ്ദേഹത്തിന്റെ ശവകുടീരത്തിൽ കൊത്തിവച്ചിട്ടുള്ളത് 1 തെസ്സലൊനീക്യർ 4-16 ആണ്. (കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗത്തിൽനിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും). അദ്ദേഹത്തിന്റെ ശുശ്രൂഷയിലും ജീവിതത്തിലും സർവ്വത്ര വ്യാപിച്ചു അവയെ മുഴുവനായി സ്വാധീനിച്ചു കൊണ്ടിരുന്ന ആ ഭാഗ്യകരമായ പ്രത്യാശയെ കുറിച്ചത്രേ അതിൽ പറയുന്നത്.

ഈയിടെ വളരെ പഴക്കം ചെന്ന ഒരു സ്മശാനം സന്ദർശിച്ചപ്പോൾ 'എന്നന്നേക്കും ഒരുമിച്ച്' എന്ന ഒരേ വാചകം ഭാര്യ ഭർത്താക്കന്മാരുടെ ശവകുടീരങ്ങളിൽ എഴുതിവച്ചിരിക്കുന്നത് കാണുവാനിടയായി. അവിടെ ആരാണ് അടക്കപ്പെട്ടിട്ടുള്ളതെന്ന് എനിക്ക് അറിഞ്ഞുകൂടാ. എന്നാൽ ഈ വാക്കുകൾ ഒന്നുകിൽ 'അതിമഹത്തായ ഒരു നിത്യഭാഗ്യം, അല്ലെങ്കിൽ 'അതിഭയങ്കരമായ ഒരു അന്ത്യം' ഇവ രണ്ടിൽ ഏതെങ്കിലും ഒന്നിനെയാണല്ലോ സൂചിപ്പിക്കുന്നത് എന്നുള്ള ചിന്ത എന്നെ ശക്തിയായി ഭേമിച്ചു.

എന്നാൽ യേശുക്രിസ്തുവിനെ തങ്ങളുടെ രക്ഷിതാവായി യഥാർത്ഥത്തിൽ അവർ അറിഞ്ഞിരുന്നുവെങ്കിൽ ഭാര്യയും ഭർത്താവും കർത്താവിനോട് കൂടെ എന്നന്നേക്കും ഒരുമിച്ചാണെന്നുള്ളത് എത്രയോ ആശ്വാസകരമായ ഒരു ചിന്തയാണ്.

വല്ലാത്ത കുളിർമയാണ് ഇതെല്ലാം കാണുകയും വായിക്കുകയും ചെയുമ്പോൾ മനസ്സിന് ലഭിക്കുന്നതും, സന്ദർശന ഉദ്ദേശ്യം സഫലമാകുന്നതും.ആകയാൽ യോഹന്നാനോട് ചേർന്ന് നമുക്കും പറയാം "ആമേൻ കർത്താവായ യേശുവേ വരേണമേ".

# ഭയമില്ലാതെ ഇസ്രായേൽ; അറച്ചും വിറച്ചും ഇറാൻ



തോമസ് മുല്ലയ്ക്കൽ



കഴിഞ്ഞ വർഷം ഒക്ടോബർ ഏഴിന് ഹമാസ് ഇസ്രായേലിൽ നടത്തിയ ഹീനവും പൈശാചികവുമായ കൂട്ടക്കൊലയിലും തട്ടിക്കൊണ്ടുപോകലിലും പ്രതികാരനടപടിയെന്നവണ്ണം ഇസ്രായേൽ ഗാസയിൽ നടത്തുന്ന യുദ്ധത്തിൽ ഇറാൻ പ്രത്യക്ഷമായും പരോക്ഷമായും ഇടപെടുന്നത് ലോകം കണ്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ ജൂലൈ 31ന് ഇറാനിൽ കൊല്ലപ്പെട്ട ഹമാസ് തലവൻ ഇസ്മായിൽ ഹനിയയുടെ വധത്തിന് പിന്നിൽ ഇസ്രായേലാണെന്ന് ആരോപിച്ച്, ഇറാൻ ഇസ്രയേലിനെതിരെ യുദ്ധം പ്രഖ്യാപിച്ചത് മദ്ധ്യപൂർവ്വ രാജ്യങ്ങളിൽ ഒരു സംഘർഷം ഉടലെടുക്കുവാൻ കാരണമായി. അന്നുമുതൽ ഇറാൻ എങ്ങനെ ആക്രമിക്കുമെന്ന് കാണുവാൻ ലോകം കാത്തിരിക്കുകയാണ്. എന്തിനും തങ്ങൾ തയ്യാറാണെന്ന് ഇസ്രായേൽ ധൈര്യത്തോടെ പ്രഖ്യാപിക്കുമ്പോൾ, ഇറാൻ വീമ്പു പറയുന്നതല്ലാതെ ഒന്നും ചെയ്യാൻ കഴിയാതെ അറച്ചും വിറച്ചും നിൽക്കുന്ന കാഴ്ചയാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്.

ഇത്തരുണത്തിൽ ഇസ്രായേലിലെ പ്രശസ്തനായ റബ്ബി മനിസ് ഫ്രീഡ്മാൻ, ഇസ്രയേലിനെതിരായി അനാവശ്യമായി യുദ്ധത്തിലേർപ്പെട്ട ഇറാനെപ്പറ്റിപറയുമ്പോൾ ഒരു മുന്നറിയിപ്പ് നൽകിയതിങ്ങനെയാണ്, 'ഇസ്രയേലിന്റെ സുരക്ഷിതത്വം അയൺഡോമിലല്ല, മറിച്ച് എക്കാലവും അദൃശ്യമായ ഒരു മതിലായി നിൽക്കുന്ന സൈന്യങ്ങളുടെ ദൈവമായ യഹോവയാണ് എന്നത് മറക്കരുത്. ഇറാൻ മാത്രമല്ല, മറ്റു രാജ്യങ്ങളും അത് ഓർക്കുന്നത് നന്ന്.' അമേരിക്കയെക്കുറിച്ച് മുനവച്ചാണ് അദ്ദേഹം പറഞ്ഞതെന്ന് ആർക്കും മനസ്സിലാകും. അത് കഴിഞ്ഞാണ് ഇറാൻ പ്രസിഡന്റിന്റെ ദുരന്തം ലോകത്ത് വാർത്തയായത്.

# 'ആത്മസംഗീതം' സംഗീത സന്ധ്യ സെപ്തംബർ 28ന് ടിക്കറ്റ് കിക്ക് ഓഫ് നടത്തി




ജീമോൻ റാന്നി

ഹൂസ്റ്റൺ : ഇന്ത്യൻ ക്രിസ്ത്യൻ എക്യൂമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റണിന്റെ (ഐസിഇസിഎച്ച് ) ആഭിമുഖ്യത്തിൽ നടത്തുന്ന 'ആത്മസംഗീതം' സംഗീത സന്ധ്യയുടെ ടിക്കറ്റ് കിക്ക് ഓഫ് നടന്നു.

ഹൂസ്റ്റൺ നഗരത്തിലെ ഇരുപതു ഇടവകകളുടെ പൂർണ സഹകരണത്തിൽ 2024 സെപ്റ്റംബർ മാസം 28 നു ശനിയാഴ്ച വൈകിട്ടു 6 മണിക്ക് ഹൂസ്റ്റൻ സെൻറ് തോമസ് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ വച്ചാണ് ആത്മീയ സംഗീത സന്ധ്യ നടത്തപ്പെടുന്നത്.

സെപ്റ്റംബർ 1ന് ഞായറാഴ്ച രാവിലെ സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് ചർച് ഓഫ് ഹൂസ്റ്റനിൽ വി. കുർബാനയ്ക്കു ശേഷം നടന്ന പ്രത്യേക ചടങ്ങിൽ വച്ച് ഐ സിഇസിഎച്ച് എക്സിക്യൂട്ടീവ് അംഗങ്ങളും പ്രസ്തുത പരിപാടിയുടെ സ്പോൺസർമാരും ചേർന്ന് ഇടവക മാനേജിങ് കമ്മിറ്റിയുടെയും ഇടവക അംഗങ്ങളുടെയും സഹകരണത്തിൽ ഐസിഇസിഎച്ച് പ്രസിഡണ്ട് റവ ഫാ. ഡോ . ഐസക് . ബി. പ്രകാശ് ടിക്കറ്റ് സെയിൽ ഉദ്ഘാടനം നിർവഹിച്ചു.

പ്രധാന സ്പോൺസർമാരായ രെഞ്ചു രാജ്, തോമസ് മാത്യു, ഐസിഇസിഎച് സെക്രട്ടറി റെജി ജോർജ്, പിആർഓ ജോൺസൺ ഉമ്മൻ , ബിജു ചാലക്കൽ , ഷീജ ബെന്നി തുടങ്ങിയവരും സന്നിഹിതരായിരുന്നു.

ക്രൈസ്തവ സംഗീത മേഖലയിലെ പ്രശസ്ത ഗായകരായ റോയ് പുത്തൂർ, സുധീപ് കുമാർ, ലിബിൻ സ്കറിയ, കുമാരി ശ്രേയ എന്നിവരടങ്ങുന്ന ഒൻപതംഗ സംഘം ആത്മീയ സംഗീത പരിപാടിക്കു നേതൃത്വം നൽകും. എല്ലാവരെയും സംഗീത പരിപാടിയിലേക്കു സ്വാഗതം ചെയ്യുന്നുവന്നു ഭാരവാഹികൾ അറിയിച്ചു.

പ്രവേശന ടിക്കറ്റുകൾ ഐസിഇസിഎച്ച് അംഗത്വ ഇടവകകളുടെ ഭാരവാഹികൾ മുഖേന ലഭ്യമാണ്.

# എം.കെ. ഹരികുമാറിന് അബുദാബി ശക്തി അവാർഡ്



കണ്ണൂർ: എം. കെ. ഹരികുമാറിന്റെ 'അക്ഷരജാലകം' എന്ന പുസ്തകത്തിന് സാഹിത്യ നിരൂപണത്തിനുള്ള അബുദാബി ശക്തി അവാർഡ്. സാഹിത്യ നിരൂപകനായിരുന്ന തായാട്ട് ശങ്കരന്റെ പേരിലുള്ളതാണ് പുരസ്കാരം.

മെട്രോ വാർത്തയിൽ ഹരികുമാർ എഴുതുന്ന അക്ഷരജാലകം എന്ന പംക്തിയുടെ സമാഹാരമാണ് ഈ കൃതി. 25,000 രൂപയും പ്രശംസാ ഫലകവും അടങ്ങുന്ന അവാർഡ് ഈ മാസം 25ന് ചെങ്ങന്നൂരിൽ സമ്മാനിക്കും.

# ടെലിവിഷൻ ചാനലുകളുടെ ശ്രദ്ധയ്ക്ക്

2-ാം പേജ് തുടർച്ച

ക്തിയുടെ പ്രശ്നം അല്ല ഒരു സമൂഹത്തിന്റെ പ്രശ്നം തന്നെയാണ്. അവരുടെ ചോദ്യം ഒന്നും കൂടെ ആവർത്തിക്കുന്നു ആർക്ക് വേണ്ടിയാണ് നിങ്ങൾ ഇത് ഇടുന്നത്? ജനങ്ങൾ വായിക്കണമെന്ന ഉദ്ദേശ്യത്തോടു കൂടിയാണ് ഇടുന്നതെങ്കിൽ ദയവു ചെയ്ത് നിങ്ങളുടെ വേഗത കുറച്ച് ജനങ്ങളിലേക്ക് വാർത്തകൾ എത്തിച്ച് അവരുടെ കൈയ്യടി നേടുക.. അവരുടെ വൈകാരിക തലം മനസ്സിലാക്കുക. ചാനലുകളുടെ ശ്രദ്ധയിൽ ഈ എഴുത്ത് എത്തിച്ചേർന്ന് ഇതിന് ഒരു പരിഹാരം ഉണ്ടായി ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ തുടച്ചു മാറ്റാൻ കഴിയുന്നു എന്ന പ്രതീക്ഷയിൽ നിർത്തുന്നു.

# ജോസഫിന്റെ പരീക്ഷയും വിജയവും



പാസ്റ്റർ കെ. ജോയി

ജോസഫ് കോമളനും മനോഹരരൂപിയുമായിരുന്നു. ജോസഫിന്റെ അമ്മയായ റാഹേലിനെപ്പറ്റിയും ഇതേ കാര്യം തന്നെ പറഞ്ഞിരിക്കുന്നു (ഉ. 20:17). യജമാനന്റെ ഭാര്യ ജോസഫിന്റെ മേൽ കണ്ണുപതിച്ചു. ഏദൻ ഉദ്യാനത്തിൽ ഹവ്വയുടെ പാപം അവളുടെ കണ്ണുകളിലാരംഭിച്ചതുപോലെ ഇവിടെയും അവളുടെ പാപം കണ്ണുകളിലാരംഭിച്ചു. ശാരീരിക സൗന്ദര്യം ഈശ്വരദത്തമായ ഒരനുഗ്രഹം തന്നെ എങ്കിലും അത് അവർക്കുതന്നെയും മറ്റുള്ളവർക്കും ഒരു കെണിയായിത്തീർന്നു പോകാറുണ്ട്. ആകയാൽ സൗന്ദര്യമുള്ളവർ വളരെ സൂക്ഷ്മതയോടെ ജീവിക്കേണ്ടതാണ്. ശരീരത്തിന്റെ വിളക്ക് കണ്ണാകുന്നു. കണ്ണു ചൊവ്വുള്ളതെങ്കിൽ ശരീരം മുഴുവൻ പ്രകാശിതമായിരിക്കും. ദോഷമുള്ളതെങ്കിലോ ശരീരവും ഇരുട്ടുള്ളതുതന്നെ (ലൂക്കോ. 11:34). ഇയ്യോബ് തന്റെ കണ്ണുമായി ഒരു നിയമം ചെയ്തു (ഇയ്യോ. 31:1). പൊത്തിഫേറിന്റെ ഭാര്യയുടെ കണ്ണുകളിലാരംഭിച്ച പാപം അവളുടെ ഹൃദയത്തിലേക്കു കടന്നു. ഹൃദയം കൊണ്ടവൾ വ്യഭിചാരം ചെയ്തുകഴിഞ്ഞു. ഒരാളിൽ പാപാഭിലാഷം പ്രവേശിച്ചു കഴിഞ്ഞാൽ പിന്നീട് ലൂക്കോ. 8:27–29 വരെ കാണുന്ന അശുദ്ധാത്മ വ്യാപാരമുള്ള മനുഷ്യന്റെ പ്രകൃതിയായിരിക്കും. പിന്നെ തിന്മയല്ലാതെ നന്മയൊന്നും അങ്ങനെയുള്ളവരിൽ നിന്ന് പ്രതീക്ഷിച്ചുകൂടാ. 'മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു: പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു' (യാക്കോ. 1:15). ജഡമോഹം വർദ്ധിച്ചുകഴിഞ്ഞാൽ പിന്നീട് അത് കീർത്തിയേയോ ബഹുമാനത്തെയോ സദാചാരത്തെയോ, മനഃസാക്ഷിയെപ്പോലും നോക്കുന്നില്ല. ജോസഫിനെ അവളുടെ കെണിയിൽ കുടുക്കുവാൻ അവൾ അത്യന്തം പരിശ്രമിച്ചു. സാത്താന്റെ കരം ഇതിന്റെ പിന്നിൽ ഒളിച്ചിരുന്നു. കഷ്ടത, പട്ടിണി, പീഡ, ഉപദ്രവങ്ങൾ എന്നിവകൊണ്ട് ജോസഫിനെ ദൈവികകൂട്ടായ്മയിൽ നിന്നകറ്റുവാൻ കഴിയുന്നില്ല എന്നു കണ്ടപ്പോൾ ജഡാഭിലാഷത്തിന്റെ വലയിൽ അകപ്പെടുത്തി അവനെ വീഴ്ത്തുവാൻ സാത്താൻ ഉദ്യമിക്കുന്നു. അയ്യോ പതിനായിരങ്ങൾ അടിപതറിവീണ കുഴിയിൽ അവനും വീഴുമായിരുന്നു. എന്നാൽ ജോസഫിന്റെ വിജയം ദൈവശക്തിയാലായിരുന്നു. എബ്രായബാലന്മാരെ അഗ്നിയുടെ ചൂളയിൽ നിന്നും വിടുവിച്ച അതേ ശക്തിയാൽതന്നെ ജോസഫ് വിടുവിക്കപ്പെട്ടു. പാപത്തോടേറ്റവും അടുത്തുവന്ന സന്ദർഭം. സ്വന്തം യജമാനത്തിയാണവനെ പരീക്ഷിച്ചത്. സാഹചര്യത്തിന്റെ സമ്മർദ്ദമാണ് ഏതു ഭക്തനെയും വീഴ്ത്തുന്നത്. തുറക്കപ്പെട്ട വാതിൽ ഏത് ഭക്തനെയും പരീക്ഷിക്കുമെന്നാണ് വിശുദ്ധനായ അഗസ്റ്റിൻ പറഞ്ഞിരിക്കുന്നത്. പാപത്തിന്റെ ചതിയിൽ പിടിക്കപ്പെടുവാൻ ഇതിനേക്കാൾ അനുകൂലമായ സാഹചര്യം മറ്റാർക്കും തന്നെ ഉണ്ടായിട്ടുണ്ടോ എന്നത് സംശയമാണ്. പൊത്തിഫേറിന്റെ ഭാര്യയുടെ തുടർമാനമുള്ള നിർബന്ധം, മറ്റാരും ഭവനത്തിൽ ഇല്ലാതിരുന്ന സാഹചര്യം അവൾ അവന്റെ വസ്ത്രം പിടിച്ചു. എത്ര ശക്തമായ പരീക്ഷയെങ്കിലും അവൻ തന്റെ വസ്ത്രം അവളുടെ കയ്യിൽ വിട്ടേച്ച് പുറത്തേക്കോടിക്കളഞ്ഞു. മഹത്തേറിയ വിജയം. സർവ്വവല്ലഭനായിരുന്ന യഹോവ ജോസഫിനോടു കൂടെയായിരുന്നു.



മാലിന്യമേല്ക്കാതെ അവനെ കാത്തു. ജോസഫ് പാപത്തെ ചെറുത്തുനില്ക്കുന്നത് കാണുക. വാക്യം 8,9. 'ഈ ഭവനത്തിൽ എന്നെക്കാൾ വലിയവനില്ല' അവന് ഭവനത്തിലുള്ള സ്ഥാനം വലിയതാണെന്ന് ജോസഫിനു നല്ലതുപോലെ അറിയാം. എന്നാൽ ആ വലിപ്പം നിഗളത്തിനല്ല പിന്നെയോ പാപത്തിനെതിരെ അവനുപയോഗിച്ചു. 'ഞാൻ ഈ മഹാദോഷം പ്രവർത്തിച്ച് ദൈവത്തോടു പാപം ചെയ്യുന്നതെങ്ങനെ?' എന്നു പറഞ്ഞു. 1യോഹ. 3:9.

ജോസഫ് പാപത്തോടു ചെറുത്തുനില്പാനുണ്ടായ 3 കാരണങ്ങൾ.

1. അവൻ ഒരു യിസ്രായേല്യനാണ്. പ്രമാണമുള്ളവൻ വിശിഷ്യാ ദൈവത്താലധികം സ്നേഹിക്കപ്പെട്ടവൻ.

2. പാപം മഹാദോഷമെന്നവൻ കരുതി. പാപം ചെയ്യുന്നത് ഭോഷനൊരു കളിയാണ്. എന്നാൽ ഒരു ഭക്തന് പാപത്തെ മഹാദോഷമെന്നു മാത്രമേ വിളിക്കാൻ കഴിയുന്നുള്ളൂ.

3. പാപം അവനോ യജമാനനോ യജമാനത്തിക്കോ വിരോധമായിട്ടല്ല. പിന്നെയോ, ദൈവത്തോടു ചെയ്യുന്ന പാപം എന്ന് ജോസഫ് ഗ്രഹിച്ചു.

യഹോവയെ സ്നേഹിക്കുന്നവർ ദോഷത്തെ വെറുക്കട്ടെ. അവൻ തന്റെ വസ്ത്രം അവളുടെ പക്കൽ വിട്ടേച്ചോടി. വസ്ത്രം നഷ്ടപ്പെട്ടാലും നിർമ്മല മനഃസാക്ഷി നഷ്ടപ്പെടുത്തുവാൻ അവൻ ആഗ്രഹിച്ചില്ല. സങ്കീ. 119:11, 2 തിമൊ. 2:22. മുമ്പൊരിക്കൽ അവന്റെ നിലയങ്കി സഹോദരന്മാർ ഊരിയെടുത്തു. ഒരു വ്യാജമായ കഥയും ചമച്ചു. അന്ന് സ്വപിതാവിനെ വഞ്ചിപ്പാൻ ജോസഫിന്റെ അങ്കി സ്വസഹോദരന്മാർ തെളിവായി സൂക്ഷിച്ചു. ഇപ്പോൾ സ്വന്തം യജമാനനെ വഞ്ചിപ്പാൻ അവർ ജോസഫിന്റെ അങ്കി തെളിവായി സൂക്ഷിക്കുന്നു. ഹാ! മറിമായങ്ങളുടെ ലോകം.

ജോസഫ് ദൈവഭയമുള്ളവനായിരുന്നു. ആകയാൽ അവൻ യൗവ്വനമോഹങ്ങളെ വിട്ടോടി. അതുനിമിത്തം അവൻ കാരാഗൃഹത്തിൽ പോകേണ്ടിവന്നു. ഒരു നല്ല ഭരണകർത്താവായിത്തീരുന്നതിനു മുമ്പേ അവൻ കഷ്ടം സഹിക്കേണ്ടതാവശ്യമായിരുന്നു. കാരാഗൃഹജീവിതത്തിലും അവൻ വിശ്വസ്തനായി വിളങ്ങി. പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ യാക്കോ. 1:12.

ജോസഫിന്റെ ജീവചരിത്രം സകല വിശുദ്ധന്മാർക്കും എക്കാലത്തും ഉത്തമമാതൃകയായി പരിലസിക്കുന്നു. തന്റെ സദാചാരത്തിനു കളങ്കം ചാർത്തുന്ന യാതൊരു പരീക്ഷയിലും അവൻ കുടുങ്ങിയില്ല. ദൈവത്തിലുള്ള അവന്റെ അടിയുറച്ച വിശ്വാസത്തെ ദുർബ്ബലപ്പെടുത്തുവാൻ യാതൊരു പീഡയ്ക്കും കഴിഞ്ഞില്ല. ഒരു ശത്രുവിനും അവനെ ഒതുക്കുവാൻ സാധിച്ചില്ല. എത്രമാത്രം സ്ഥാനമാനങ്ങളും പദവികളും ലഭിച്ചു എങ്കിലും അവൻ തെല്ലും നിഗളിച്ചില്ല. സ്വഭവനത്തിലും കാരാഗൃഹത്തിലും കൊട്ടാരത്തിലും യഹോവയ്ക്കും മനുഷ്യനും പ്രീതിയുള്ളവനായി അവൻ വളർന്നു. ജോസഫിനെപ്പോലെ വിശുദ്ധിയും വേർപാടുമുള്ള ജീവിതമാണ് നാം അനുകരിക്കേണ്ടത്.

# യഹൂദ സ്ത്രീകളെ ആകർഷിക്കുന്ന ദൂദായിപ്പഴം

രാജു തരകൻ

നയന മനോഹരമായ ദൂദായിപ്പഴത്തിന് വിശിഷ്ട ഗുണങ്ങൾ ഏറെയുണ്ട്. പാലസ്തീൻ നാട്ടിൽ തഴച്ചുവളരുന്ന ദൂദായിച്ചെടിയിൽ നിന്ന് ശേഖരിക്കുന്ന ദൂദായിപ്പഴത്തിന് തക്കാളിയുടെ ആകൃതിയും ചുവപ്പു നിറവുമാണ്. എബ്രായഭാഷയിൽ ദൂദായം എന്നറിയപ്പെടുന്ന ചെടിയിൽ നിന്ന് ഉത്ഭവിക്കുന്ന പഴത്തിന് മലയാളഭാഷയിൽ ദൂദായിപ്പഴം എന്നാണ് അറിയപ്പെടുന്നത്. ചെടിയിൽ വിരിഞ്ഞുനില്ക്കുന്ന ഇളം മഞ്ഞനിറമുള്ള പൂക്കൾ ആരെയും ആകർഷിക്കുന്നതാണ്. ഇതര ചെടികളുടെ വേരുമായി ഇതിന്റെ വേരുകൾ തുലനം ചെയ്താൽ ഇതിന്റെ വേരുകൾക്ക് മനുഷ്യാകൃതിയാണുള്ളത്. അതുകൊണ്ടാണ് ഇതിന് അത്ഭുതസിദ്ധിയുണ്ടെന്ന് വിശ്വസിച്ചിരുന്നത്. യഹൂദന്മാർ കരുതിയിരുന്നത് ഈ ചെടിക്ക് ദുഷ്ടാത്മാക്കളെ ഓടിക്കാനുള്ള ശക്തിയുണ്ടെന്നാണ്. ചെടിയിൽ നിന്ന് ഉത്ഭവിക്കുന്ന സുഗന്ധത്തിലാണ് ഇതിന്റെ ശക്തി ഒളിഞ്ഞിരിക്കുന്നതെന്നാണ് അവരുടെ വിശ്വാസം. വിവാഹിതരായ സ്ത്രീകൾ സന്താനോല്പത്തിക്കായി ദൂദായിപ്പഴം ഭക്ഷിക്കുമായിരുന്നു. അന്ധവിശ്വാസത്തിന് അടിമപ്പെട്ട യഹൂദസ്ത്രീകളാണ് സന്താനോല്പത്തിക്കായി ദൂദായിപ്പഴം അധികമായി ഭക്ഷിച്ചിരുന്നത്.

തിരുവചനത്തിൽ ദൂദായിപ്പഴത്തിന്റെ ചരിത്രം ഉല്പത്തിപുസ്തകത്തിൽ നിന്ന് ആരംഭിക്കുന്നു. താൻ യാക്കോബിനു മക്കളെ പ്രസവിക്കുന്നില്ല എന്നു റാഹേൽ കണ്ട് തന്റെ സഹോദരിയോടു അസൂയപ്പെട്ടു (ഉല്പത്തി 30:1). റാഹേൽ പ്രതീക്ഷ കൈവിടാതെ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ദൈവം അവളുടെ പ്രാർത്ഥന കേട്ട് അവളുടെ ഗർഭത്തെ തുറന്നു, അവൾ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു (ഉല്പത്തി 30:23). കുടുംബജീവിതത്തിൽ സന്താനങ്ങളാൽ അനുഗ്രഹിക്കപ്പെട്ട ലേയയുടെ ജീവിതത്തിലും പ്രശ്നങ്ങൾ കടന്നുവന്നു. അവൾ വന്ധ്യയായി തീർന്ന അപ്രതീക്ഷ ജീവിതത്തെ ഓർത്ത് ഭാരപ്പെട്ട് ജീവിതം ദുഃഖസാന്ദ്രമായ് തീർന്നു. തന്റെ പ്രശ്നത്തെ എങ്ങനെ പരിഹരിക്കണമെന്ന് മനസ്സിൽ പുത്തൻ ആശയങ്ങൾ രൂപപ്പെടുത്തി. അതിൻപ്രകാരം അവൾ ദൂദായിപ്പഴം കൊടുത്ത് യാക്കോബിനെ വിലയ്ക്കു വാങ്ങി. ദൈവം അവളുടെ പ്രാർത്ഥനയ്ക്ക് മറുപടി കൊടുത്തു. അവൾ ഗർഭം ധരിച്ച് യാക്കോബിന് അഞ്ചാമത് ഒരു മകനെ പ്രസവിച്ചു (ഉല്പത്തി 30:15,16). ആകാശത്തിലെ നക്ഷത്രങ്ങൾപ്പോലെയും കടൽക്കരയിലെ മണൽപോലെയും നിന്റെ സന്തതിയെ വർദ്ധിപ്പിക്കുമെന്നുള്ള ദൈവിക വാഗ്ദാനം ദൈവം അബ്രഹാമിന് നൽകപ്പെട്ടിരുന്നതിന്റെ പൂർത്തീകരണമാണ് നമ്മൾക്ക് ഇവിടെ ദൃശ്യമാകുന്നത്. വിശ്വാസത്തോടുള്ള പ്രാർത്ഥനയ്ക്കാണ് ദൈവം മറുപടി നൽകുന്നത്.



ഏദെൻ തോട്ടത്തിൽ ജീവിതം നയിച്ചിരുന്ന ആദാമിന്റെ ഭാര്യ സാത്താനാൽ വശീകരിക്കപ്പെട്ട് വിലക്കപ്പെട്ട കനി ഭക്ഷിക്കുകയും അത് ഭർത്താവിന് കൊടുക്കുകയും ചെയ്തു. ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും ആയിരുന്നു (ഉല്പത്തി 3:6). വിശ്വാസജീവിതത്തെ തകർക്കുന്ന അതിപ്രധാന ഘടകങ്ങളാണ് കൺമോഹം, ജഡമോഹം, ജീവനത്തിന്റെ പ്രതാപം. പാപത്തിന്റെ ഉല്പത്തി കണ്ണുകളിൽ നിന്നാണ് ആരംഭിക്കുന്നത്. സ്ത്രീയാണ് വൃക്ഷഫലം കണ്ട് മോഹിച്ച് അത് ഭക്ഷിച്ച്, ഭർത്താവിനും പങ്കുവെച്ചത്. ശരീരത്തിന്റെ വിളക്കാണ് കണ്ണ്. കണ്ണ് ചൊവ്വുള്ളതാണെങ്കിൽ നിന്റെ ശരീരം മുഴുവനും പ്രകാശിക്കും. കണ്ണ് കേടുള്ളതാണെങ്കിൽ ശരീരം മുഴുവനും ഇരുട്ടായിരിക്കും (മത്തായി 6:22–23).

അബ്രഹാമിന്റെ കൂടെ വാഗ്ദത്ത നാട്ടിലേക്ക് യാത്ര തിരിച്ച ലോത്തിനെ ആകർഷിച്ചത് യോർദ്ദാനരികെയുള്ള നീരോട്ടമുള്ള പ്രദേശങ്ങളായിരുന്നു. അബ്രഹാം കനാൻ ദേശത്ത് പാർത്തു. എന്നാൽ ലോത്ത് തെരഞ്ഞെടുത്തത് സോദോം നിവാസികളായ ദുഷ്ടന്മാരുടെ ഇടയിൽ പാർക്കുന്നതിനായിട്ടാണ്. ക്രിസ്തീയ ജീവിതവിജയത്തിന് തെരഞ്ഞെടുപ്പ് ഒരുപ്രധാന ഘടകമാണ്. നമ്മൾ എന്താണ് തെരഞ്ഞെടുക്കുന്നത്. എന്തിനുവേണ്ടിയാണ് തെരഞ്ഞെടുക്കുന്നത് എന്നതിനെ ആശ്രയിച്ചായിരിക്കും അതിന്റെ വിജയവും. ഒരു ഊണിനുവേണ്ടി ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ അഭക്തനോ ആകാതെയിരിപ്പാൻ കരുതികൊൾക (എബ്രാ.12:16–17). ഏശാവ് കണ്ണുനീരോട് അപേക്ഷിച്ചിട്ടും തള്ളപ്പെട്ട അവസ്ഥ വിശ്വാസസമൂഹത്തിന് ഒരു സാധന പാഠമാണ്. വിലക്കപ്പെട്ട കനി ഭക്ഷിക്കന്നത് ദൈവകല്പനാ ലംഘനമാണ്. നാം എന്ത് ചെയ്താലും ദൈവഹിതം ആരാഞ്ഞതിന് ശേഷമായിരിക്കണം തീരുമാനത്തിലെത്തിച്ചേരുവാൻ.

# രണ്ടു കഥകൾ: എം.കെ. ഹരികുമാർ

**ജീ**വിതത്തോട് സത്യസന്ധതയുണ്ടെങ്കിൽ മികച്ച കഥയെഴുതാനാവും, എഴുതാൻ ശ്രമിക്കുന്നവരെ നിശ്ശബ്ദരാക്കുന്ന ക്രൂരമായ ഒരു പ്രസ്താവനയാണ് ഹെമിംഗ്വേ പുറപ്പെടുവിച്ചത്. ‘മനുഷ്യനെക്കുറിച്ച് ഏറ്റവും സത്യസന്ധമായ ഗദ്യത്തിൽ എഴുതുക എന്നതാണ് ഈ ലോകത്തിലെ ഏറ്റവും പ്രയാസമേറിയ പണി. ഒന്നാമതായി നിങ്ങൾക്ക് വിഷയം മനസ്സിലാകണം. അത് എങ്ങനെ എഴുതണമെന്നതാണ് അടുത്ത പ്രശ്നം. ഇതു രണ്ടും പഠിക്കണമെങ്കിൽ ഒരു ജീവിതകാലമത്രയും വേണ്ടിവരും’ ഒരു എഴുത്തുകാരന്റെ ജീവിതം തുടരുന്ന ഒരാൾ സമീപഭാവിയിലെങ്ങും അതിന്റെ പ്രതിസന്ധികൾ, അപര്യാപ്തതകൾ തിരിച്ചറിയണമെന്നില്ല. കാരണം അയാൾ എഴുതിവെച്ചിരിക്കുന്ന ലോകത്തേക്കാൾ ഗഹനവും സൂക്ഷ്മവുമായ ലോകം വേറെയുണ്ടെന്ന് മനസ്സിലാക്കാൻ ഒരു സമയം വേണമല്ലോ. എപ്പോഴും ഉയരത്തിലേക്ക് പല പടവുകൾ ഉണ്ടാകും. എങ്ങനെ സത്യസന്ധമായി എഴുതും?നവീനതയോ, ആധുനികതയോ, ഉത്തരാധുനികതയോ ഒന്നും തന്നെ അനിവാര്യമല്ല. അതൊക്കെ ശൈലിയും ഉള്ളടക്കവും തീരുമാനിക്കുന്നതിനുള്ള അവബോധമാണ് നൽകുന്നത്. എന്നാൽ എത്രയും ആഴത്തിൽ ഒരു അവസ്ഥയെ പ്രതിപാദിക്കണമെന്നത് നിങ്ങളുടെ മാത്രം വിധിയാണ്. ഏറ്റവും സാധാരണമായി തോന്നുന്ന കാര്യങ്ങൾക്ക് പോലും ആഴമുണ്ടാവും. പക്ഷേ ആ ആഴം നിങ്ങളെ കാത്തിരിക്കുന്നില്ലെങ്കിലോ?

സമീപദിവസങ്ങളിൽ രണ്ടു കഥകൾ വായിച്ചു മനസിനെ സ്പർശിച്ച കഥകൾ. ജീവിതത്തിന്റെ വൃക്ഷം, മുകളിൽ കാണുന്ന പോലെ മണ്ണിനടിയിലേക്കും പടർന്നിട്ടുണ്ടാകും. വേരുകൾ എങ്ങനെ സഞ്ചരിക്കുമെന്ന് നമുക്കറിയില്ല. വൃക്ഷത്തിൽ വേരുകൾ ഒളിപ്പിക്കപ്പെട്ടിരിക്കുന്നു വൃക്ഷം വല്ലാത്ത സൗന്ദര്യവാദിയാണ്. അതു കുറേക്കൂടി സുന്ദരവും സുഭഗവും ഹരിതാഭവുമായ ഭാഗമാണ് നമ്മെ കാണിച്ചുതരുന്നത്. അവ വേരുകളിലൂടെ എങ്ങോട്ടെല്ലാം സഞ്ചരിക്കുന്നു എന്ന് അറിയിക്കുന്നില്ല. മനുഷ്യരുടെ ജീവിതവും അങ്ങനെയാണ്. ഓരോ വ്യക്തിയും ആൾക്കൂട്ടത്തിൽ വെറുമൊരു ശരീരമാണ്. അയാൾ എന്തെല്ലാം പൊട്ടിച്ചിതറലുകൾക്ക് സാക്ഷ്യം വഹിച്ചവനായിരിക്കും! അയാൾ അതൊന്നും ആരോടും പറഞ്ഞിട്ടുണ്ടാവില്ല.

എന്തിന് പറയണം? പറഞ്ഞുപോയാൽ അതിന്റെ ചരടിൽ പിടിച്ചാവും പിന്നെ കുത്തിനോവിക്കുക. സത്യം ആരോടും പറയാനുള്ളതല്ലെന്ന ബോധ്യം അങ്ങനെയാണുണ്ടാകുന്നത്. ഒരു കെണിയിൽപ്പെട്ടാൽ അതാവർത്തിക്കാതെ നോക്കുമല്ലോ.

**ഒരു പാവപ്പെട്ട മനുഷ്യൻ**

മനുഷ്യന്റെ ജീവിതത്തിന്റെ അടിവേരുകൾ ചികയുന്നവനാണ് നല്ല എഴുത്തുകാരൻ. ബംഗാളി സാഹിത്യകാരനായ ശരത്ചന്ദ്ര ചാറ്റർജി (1876–1938)യുടെ ‘വരൾച്ച’ (പച്ചമലയാളം, ഓഗസ്റ്റ്, 2024) എന്ന കഥയുടെ പരിഭാഷയെക്കുറിച്ചാണ് ആദ്യമായി പറയാനുള്ളത്. ‘വരൾച്ച’ പരിഭാഷപ്പെടുത്തിയത് പത്രപ്രവർത്തകനും എഴുത്തുകാരനുമായ കുന്നത്തൂർ രാധാകൃഷ്ണനാണ്. ശരത്ചന്ദ്ര ചാറ്റർജി കുട്ടിക്കാലത്ത് കടുത്ത ദാരിദ്ര്യം അനുഭവിച്ചാണ് വളർന്നത്. സ്കൂൾ പഠനം പൂർത്തിയാക്കാനായില്ല സാമ്പത്തിക പ്രയാസം കൊണ്ട്. എന്നാൽ എഴുത്തിനോടുള്ള അഭിനിവേശം ഒരിക്കലും അവസാനിച്ചില്ല. എല്ലാ പ്രതിബന്ധങ്ങളിലും തന്റെ സിദ്ധികൾ ആളിക്കത്തുന്നതായി അദ്ദേഹത്തിനു തോന്നി. അച്ഛനുമായി പിണങ്ങി വീടുവിട്ട ശരത്ചന്ദ്ര പല തൊഴിലുകൾ ചെയ്തു. സന്ന്യാസവേഷം കെട്ടി അലഞ്ഞു. കോൽക്കത്ത വിട്ട് ബർമ (മ്യാൻമർ)യിൽ 13 വർഷം പല ജോലികൾ ചെയ്തു. ഇക്കാലത്തെല്ലാം അദ്ദേഹം വിവിധ വിഷയങ്ങളിലുള്ള പുസ്തകങ്ങൾ വായിച്ചുകൊണ്ടിരുന്നു. 1903 ൽ പുറത്തുവന്ന ‘ബാർദിദി’യാണ് ആദ്യ നോവൽ. പതിനഞ്ച് നോവലുകളും ധാരാളം ചെറുകഥകളും നാടകങ്ങളുമെഴുതി. ബംഗാളിസാഹിത്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട പേരുകളിലൊന്നാണ് ശരത്ചന്ദ്ര ചാറ്റർജിയുടേത്. അദ്ദേഹത്തിനു യാതൊരു കാപട്യവുമില്ലാതെ എഴുതാനറിയാം. ഏത് തത്ത്വശാസ്ത്രവും പ്രസ്ഥാനവും വന്നാലും സത്യം മരിക്കുകയില്ല. ആ സത്യത്തെ തേടുന്നതിൽ ഭയം പാടില്ല.

മനുഷ്യന്റെ കാര്യത്തിൽ ഏറ്റവും ദയയില്ലാത്ത ശത്രുവാണ് ഭൂതകാലമെന്ന് റഷ്യൻ എഴുത്തുകാരൻ മാക്സിം ഗോർക്കി പറഞ്ഞത് ഓർക്കുകയാണ്. ഒരു റിയലിസ്റ്റ് എഴുത്തുകാരനായിരുന്നിട്ടും മനോഹരമായ ഒരു കവിത എഴുതി ഗോർക്കി സ്റ്റോം പെറ്റ്റൽ ശരത്ചന്ദ്ര ചാറ്റർജിയുടെ ‘വരൾച്ച’ ഉള്ളൂലച്ച കഥയാണ്. ഗഫൂർ എന്ന പേരുള്ള ഒരു സാധാരണ തൊഴിലാളിയുടെ കഥയാണിത്. അയാൾ തന്റെ മകൾ ആമിനയോടും പ്രിയപ്പെട്ട മഹേഷ് എന്ന കാളയോടും ഒപ്പമാണ് താമസം. അവർ ഒരു ജന്മിയുടെ ഭൂമിയിൽ കൂടിൽ കെട്ടി താമസിക്കുകയാണ്. വാടക കൊടുക്കണം. ജന്മിയുടെ ഭൂമിയിൽ

കാളയെ കൊണ്ട് ഉഴുതു കൊടുക്കുകയും വേണം. ജന്മി തരുന്ന വൈക്കോൽ കൂടിൽ മേയാനും കാളയ്ക്കു കൊടുക്കാനും തികയില്ല. വീട്ടിലെ പാത്രങ്ങൾ പണയം വെച്ചും കാശു കിട്ടുമ്പോൾ തിരിച്ചെടുത്തുമാണ് അയാൾ ജീവിതം തള്ളുന്നത്. അയാളെ ഒരു വേനൽക്കാലം ശരിക്കും ബുദ്ധിമുട്ടിച്ചു. കുടിക്കാൻ വെള്ളമില്ല. കാളയ്ക്ക് കൊടുക്കാൻ തീറ്റയില്ല. കൂടിൽ നനയാതിരിക്കാൻ കെട്ടിവെച്ചിരിക്കുന്ന വൈക്കോൽ എടുത്തു കാളയ്ക്കു കൊടുക്കും. കാള കയറു പൊട്ടിച്ച് ജന്മിയുടെ വയലിൽ കയറിയാൽ പിഴ ഒടുക്കിയാൽ പോരാ, ജന്മിയുടെ വക ചാട്ടവാറടിയും സഹിക്കേണ്ടി വരും. എങ്ങോട്ടും രക്ഷപ്പെടുവാനാവാത്ത അവസ്ഥയിലാണ് അയാൾ. അങ്ങനെയിരിക്കെ, ഗത്യന്തരമില്ലാതെ മനസ്സിന്റെ സമ്മർദ്ദത്തിൽ അയാൾ തന്റെ ഏറ്റവും പ്രിയങ്കരനായ കാളയെ അടിച്ചു കൊല്ലുകയാണ്. അതിന്റെ പിന്നിലെ മാനസികാവസ്ഥ പറയേണ്ടതില്ലല്ലോ. എത്ര വേദനയോടെയും അരിശത്തോടെയുമാണ് അയാൾ അത് ചെയ്തത്!. അയാൾ മകളെയും കൂട്ടി വീട് ഉപേക്ഷിച്ചു പോവുകയാണ്, അകലെയുള്ള ഒരു ചണമില്ലിൽ ജോലി കിട്ടുമെന്ന പ്രതീക്ഷയിൽ. ആ ഭാഗം കഥയിൽ ഇങ്ങനെ വായിക്കാം: ’ആമിനാ വാ നമുക്ക് പോകാം.




# തിരുത്തലുകൾ നമ്മെ ഉദ്ധരിക്കും





**പാസ്റ്റർ ഷാജി ഇടുക്കി**

**സ**ഭയും സംഘടനകളും ഉത്തരവാദിത്വപ്പെട്ടവർ മേൽനോട്ടം വഹിച്ചുകൊണ്ടുള്ള പ്രക്രിയയാണ് ഭരണം.

എന്നാൽ സാമൂഹ്യ വ്യവസ്ഥിതിയിൽ ഒരു കൂട്ടമായി ജീവിക്കുന്നവർ ആസൂത്രിതമായി എടുക്കുന്ന തീരുമാനങ്ങൾ രാഷ്ട്രീയമാണ്.

വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടം എന്നാണ് സഭയെക്കുറിച്ചുള്ള പ്രതിപാദ്യം. എന്നാലും ഇന്നത്തെ സാഹചര്യത്തിൽ പ്രത്യേകിച്ച് പരിശോധിച്ചാൽ ഇവ മൂന്നും സമ്മേളിക്കുന്ന ഒരു സാഹചര്യമായിട്ടാണ് മനസിലാക്കാൻ കഴിയുക.

സഭ എന്ന ഒരു വാക്കിൽ ഒതുക്കി സാർവ്വത്രികമായ ഒരു സംവിധാനത്തെ ചെറുതാക്കാൻ ഉദ്ദേശിക്കുന്നില്ല. യേശു പറഞ്ഞു: “ഞാൻ എന്റെ സഭയെ പണിയും, പാതാള ഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല”. ഇന്ന് ലോകത്തിലുള്ള ഏതു സ്ഥാപനങ്ങളേക്കാളും വലിയതും പഴക്കമുള്ളതുമായ ഒരു സംവിധാനമാണ് സഭ. യേശുക്രിസ്തുവിന്റെ ശുശ്രൂഷാ കാലയളവിൽത്തന്നെ തന്റെ ശിഷ്യന്മാരോട് ഹൃദയം വെളിപ്പെടുത്തിയതിന്റെ ഭാഗമാണ് സഭയുടെ തുടക്കം. പക്ഷേ കർത്താവ് അക്ഷരീകമായി ഭൂമിയിൽ സ്ഥാപിക്കുകയോ ഉൽഘാടനം ചെയ്യുകയോ ചെയ്തില്ല. എങ്കിലും യേശുക്രിസ്തുവിന്റെ വാക്കുകളിൽ “ഞാൻ എന്റെ സഭയെ പണിയും” എന്ന് പറഞ്ഞതിൽ നിന്ന് കേൾവിക്കാർ ഒരു ഉത്ഘാടന ദിവസം പ്രതീക്ഷിച്ചിട്ടുണ്ടാവും. എന്നാൽ യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തോടെ ആ പ്രതീക്ഷ ഒട്ടുമിക്ക ആളുകളിലും അസ്തമിച്ചുപോയി. മിക്ക പേരും അവരവരുടെ വഴിയിലേക്ക് തിരിഞ്ഞു. പെന്തെക്കോസ്ത് നാളിൽ അവശേഷിച്ചവരും പിന്തിരിഞ്ഞുപോയി എന്നു കരുതിയ ചില ശിഷ്യന്മാരും മടങ്ങിയെത്തി മർക്കോസിന്റെ മാളികമുറിയിൽ ഒത്തുകൂടി. ആ സമ്മേളനം, കർത്താവിന്റെ ഉള്ളം തുറന്നു പറഞ്ഞത് യാഥാർത്ഥ്യമായി. അത് ലോകത്തിന്റെ എല്ലാ ഭൂഖണ്ഡങ്ങളും ഒറ്റ ദിവസം കൊണ്ടറിഞ്ഞു. അങ്ങനെ അതൊരു ലോകസമ്മേളനമായി എന്ന് നമുക്ക് മനസിലാക്കാം. ഇതാണ് ദൈവസഭയുടെ അക്ഷരീകമായ തുടക്കം. 2024 ആയിട്ടും അന്നു തുടങ്ങിയ സഭ ലോകത്തൊരിടത്തും അക്ഷരീകമായി നിന്നുപോയിട്ടില്ല.

കാലഘട്ടങ്ങളുടെ തിരശീല ഒന്നൊന്നായി മാറി. ഇന്ന് പെന്തെക്കോസ്തുനാളിൽ ആരംഭിച്ച ദൈവസഭയെന്ന മഹത്തായ സംവിധാനത്തിന് ഒരുപാട് വ്യതിയാനങ്ങൾ സംഭവിച്ചു. ആശയസംഘട്ടനങ്ങൾ, ഉപദേശ വ്യത്യാസങ്ങൾ, ഘടനാമാറ്റങ്ങൾ, സംഘടനാ രീതികൾ, ഭരണക്രമങ്ങൾ എന്നിങ്ങനെ എല്ലാ രൂപഭാവങ്ങളും ഉണ്ടായിക്കഴിഞ്ഞു. “ക്രൈസ്തവ സഭ” എന്ന ഒറ്റ ആശയത്തിൽ നിന്ന് വ്യത്യസ്ത സംഘടനകളായി. അതുകൊണ്ടുതന്നെ പരിശുദ്ധാത്മാവ് നേരിട്ട് നടത്തിയ തുടക്കത്തിൽ നിന്ന് വ്യത്യസ്തമായി മാനുഷിക ആശയങ്ങൾക്ക് വശംവദരായി ഭരണവും അതിന്റെ രാഷ്ട്രീയങ്ങളും ഉടലെടുത്തു.

ഭരണം എക്കാലത്തുമുണ്ട്. മേൽനോട്ടം വഹിക്കാൻ ചുമതലപ്പെട്ടവർ അത് നിർവ്വഹിക്കുമ്പോൾ ഭരണത്തിന്റെ ഭാഗമാവുകയാണ്. ഈ പ്രക്രിയ നമ്മുടെ നാടിന്റെ നിയമവ്യവസ്ഥയ്ക്ക് വിധേയമാകുമ്പോൾ ഭരണം നടത്തുവാൻ താൽപര്യമുള്ള ആളുകൾ അവരവരുടെ സ്വാധീനങ്ങൾ കൊണ്ട് ഭരണത്തിന് ചുക്കാൻ പിടിക്കാൻ ശ്രമിക്കും. അത് സ്വാഭാവികമാണ്. കാരണം വേദപുസ്തക രാജാക്കന്മാരുടെ ചരിത്രം പഠിച്ചാൽ ശൗൽ അവന്റെ അപ്പനായ ദാവീദിനെപ്പോലെയല്ല രാജ്യഭരണം നടത്തിയത് (1രാജാ. 11:1–4) യഹൂദാ രാജാവായ ആസയുടെ സൽഭരണം കണ്ട ജനത്തിനു നടുവിൽ യെരോബയാമിന്റെ മകനായ നാദാബ് യിസ്രായേലിന്റെ രാജാവായി. പക്ഷെ അവൻ യഹോവയ്ക്ക് അനിഷ്ടമായത് ചെയ്തു (1 രാജാ. 15:25). അങ്ങനെ യെഹോശാഫാത്തിന്റെ പതിനെട്ട് വർഷത്തെ ഭരണത്തിനുശേഷം മകനായ യെഹോരാമിന്റെ ദുർഭരണം കൊണ്ട് യഹോവയാം ദൈവത്തെ തള്ളിയ മറ്റൊരു തലത്തിലേക്ക് ജനതയെ നയിച്ചു. ജനഹിതമനുസരിച്ച് മാത്രം ഭരിക്കുമ്പോൾ അത് ദൈവഹിതത്തിന് വിരോധമാവുകയാണ്. ദൈവഹിതം അനുസരിച്ചു ജീവിക്കുന്നതും അതാഗ്രഹിക്കുന്നതുമായ ജനതയുടെ പ്രാർത്ഥനയോടെ എടുക്കുന്ന തീരുമാനങ്ങളും അതിനുവേണ്ടിയുള്ള നീക്കളുമാണ് ശരിക്കും സഭയുടെ രാഷ്ട്രീയം. എന്നാൽ ദൈവത്തിന്റെ ആലോചനയ്ക്കും അതിനു വിധേയപ്പെടുന്നതുമായ ദൈവമക്കളുടെ ആശയങ്ങൾക്കും വില കൊടുക്കാതെ സഭാ സംവിധാനത്തെ ചില വ്യക്തികളുടെ താൽപര്യങ്ങൾക്കൊത്ത് ചൊൽപ്പടിയിൽ കൊണ്ടുവരാൻ ശ്രമിക്കുമ്പോഴാണ് സഭാ രാഷ്ട്രീയം മലീമസമാക്കുന്നത്. എല്ലാ കാലഘട്ടങ്ങളിലും സഭയുടെ ഉള്ളിൽ സുദീർഘമായ ചർച്ചകളും വിമർശനങ്ങളും ഉയർന്നിട്ടുണ്ട്. അപ്പൊഴൊക്കെ തിരുത്തലുകൽ വരുത്താൻ തയ്യാറായിട്ടുമുണ്ട്. തിരുത്തലുകൾക്ക് വിധേയപ്പെടാൻ കഴിഞ്ഞില്ലെങ്കിൽ വേദനിക്കപ്പെടുന്നവരും തഴയപ്പെടുന്നവരും ഒതുക്കപ്പെടുന്നവരുമെല്ലാം ഒത്തുചേരുന്ന ഒരു വിപ്ലവകരമായ ഉദ്ധാനം സംഭവിക്കാനിടയുണ്ട്. ഇന്ന് സഭ ഭരണ പ്രക്രിയയ്ക്ക് പ്രാധാന്യം കൊടുക്കുന്നുണ്ട്. പക്ഷേ ദൈവിക ഇടപെടലുകൾക്ക് വിധേയമായുള്ള ഒരു സത്ഭരണം ഉണ്ടായാൽ സഭയെ ആത്മികമായ ഉന്നതിയിലേക്ക് കൈപിടിച്ചുയർത്താൻ കാരണമാകും.

# വിലയില്ലാത്ത മനുഷ്യജന്മങ്ങൾ



ഡോ. മാത്യു ജോയിസ്
ലാസ് വേഗാസ്

എന്താണ് പ്രക്ഷുബ്ധരായ മലയാളിക്ക് സംഭവിച്ചുകൊണ്ടിരിക്കുന്നത്? അവന്റെ പ്രതികരണശേഷിയും വന്ധ്യംകരിക്കപ്പെട്ടുപോയോ?

അലഞ്ഞുതിരിഞ്ഞു നടക്കുന്ന ആയിരക്കണക്കിന് തെരുവുനായ്ക്കളെ വന്ധ്യംകരിച്ചതായി പത്രമാധ്യമങ്ങളിൽ തലക്കെട്ടെഴുതിയാൽ, പ്രശ്നങ്ങളെല്ലാം പരിഹരിച്ചെന്ന് അഹങ്കാരത്തോടെ പറഞ്ഞുനടക്കുന്ന കുറെ ഭരണാധികാരികളും കേരളത്തിൽ ഉണ്ടല്ലോ.

അവർ നാട്ടിൽ വിഹരിക്കുന്ന തെരുവുനായ്ക്കൾക്കും, വീടുകളും കൃഷിയും ഒത്താൽ മനുഷ്യനെയും കുത്തി മലർത്താൻ യഥേഷ്ടം നാട്ടിലേക്ക് ഇറങ്ങി വരുന്ന കാട്ടാനക്കൂട്ടങ്ങൾക്കും, പെരുകിക്കൊണ്ടിരിക്കുന്ന വിഷപ്പാമ്പുകൾ, പുലി തുടങ്ങിയ വന്യമൃഗാദികൾക്കും തുണയായിരിക്കും.

ഇതുപോലെ തെരുവ് നായ്ക്കളുടെയും വന്യജീവികളുടെയും ആക്രമണങ്ങൾ കേരളത്തിലായിരിക്കാം ഏറ്റവും കൂടുതൽ എന്ന് പറയപ്പെടുന്നു. അത് വാസ്തവമെങ്കിൽ, ജനസുരക്ഷക്കു പ്രാധാന്യം കല്പിക്കാത്ത സർക്കാരും, പ്രതികരിക്കാതെ കുത്തിയിരിക്കുന്ന പൊതുജനമെന്ന കഴുതകളും ഒരുപോലെ ഉത്തരവാദികൾ തന്നെയെന്ന് ഓർത്തിരിക്കുക!

202223ലെ സാമ്പത്തിക അവലോകനം പ്രകാരം 202223ൽ 8,873 മനുഷ്യവന്യജീവി സംഘർഷങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 48 പേർ പാമ്പുകടിയേറ്റും 27 പേർ ആനയുടെ ആക്രമണത്തിലും ഏഴ് പേർ കാട്ടുപന്നി ആക്രമണത്തിലും ഓരോരുത്തർ കാട്ടുപന്നിയുടെയും കടുവയുടെയും ആക്രമണത്തിലും 14 പേർ മറ്റ് മൃഗങ്ങളുടെ ആക്രമണത്തിലും മരിച്ചു.

വ്യവസ്ഥാപരമായ പരിഹാരങ്ങൾ അവഗണിക്കപ്പെടുന്നതിനാൽ തെരുവ് നായ്ക്കളുടെ ആക്രമണം കേരളത്തിൽ തുടരുകയാണ്.

2022-23 കാലയളവിൽ, ജനുവരി വരെയുള്ള കണക്കിൽ

2,44,807 നായ്ക്കളുടെ കടിയും 3,29,554 പൂച്ച കടിയും റിപ്പോർട്ട് ചെയ്യപ്പെട്ടതായും വിവരാവകാശ മറുപടിയിൽ പറയുന്നു. 2024 ലെ കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ലെങ്കിലും, മുൻ വര്ഷങ്ങളേക്കാൾ കൂടുതൽ ആകാനാണ് സാദ്ധ്യത.

ഇന്ന് മനുഷ്യജീവന് ഇവിടെ പുല്ലുവില പോലുമില്ല. ഇന്ന് രാവിലെ ഇന്റർവ്യൂവിന് പോകാൻ, ട്രെയിൻ കാത്തു നിൽക്കുന്ന ഒരു യുവാവിനെ പ്ലാറ്റ്ഫോമിൽ വെച്ച് ഒരു പേപ്പട്ടി കടിക്കുന്നു. വഴിയില്കൂടെ സ്കൂട്ടറിൽ പോകുന്ന മറ്റൊരാളെ തെരുവുനായ ആക്രമിച്ചപ്പോൾ സ്കൂട്ടർ സഹിതം അതിലെ നടന്നുപോകുന്ന വിദ്യാർത്ഥിനിയുടെ മേൽ മറിഞ്ഞു മറ്റൊരു അത്യാഹിതം സംഭവിക്കുന്നു. കൂടിനിൽകുന്ന നായ്ക്കൂട്ടങ്ങളെ ഭയന്ന് സ്കൂൾകുട്ടികളും മറ്റു കാല്നടക്കാരും പ്രാണരക്ഷാർത്ഥം ഓടിയകലുന്നു. പട്ടിശല്യം കാരണം വീട്ടമ്മമാർക്ക് വീടിന് പുറത്തേക്കിറങ്ങാൻ വയ്യാതായിയ്ക്കുന്നു. കുട്ടികൾക്ക് പുറത്തിറങ്ങി കളിയ്ക്കാൻ ഭയം. അതിരാവിലെയും വൈകുന്നേരവും ജോലിക്ക് പോയി മടങ്ങാൻ, തനിയെ നടന്നു പോകാൻ ദൂരെ ജോലിക്ക് പോകുന്ന യുവതീയുവാക്കൾക്ക് അതിലും ഭയം.

മലയോരപ്രദേശങ്ങളിൽ വന്യമൃഗശല്യം രൂക്ഷം, കൃഷിയെല്ലാം നശിപ്പിച്ചു, സ്വര്യം കെടുത്തി വിഹരിക്കുന്ന വന്യജീവികൾ. സ്കൂൾ കുട്ടികൾ ഉൾപ്പെടെ എല്ലാവരും ഭീതിയിൽ. ഇവിടെ ജീവിക്കാൻ ഭയമായിട്ട്, പലരും എല്ലാം ഉപേക്ഷിച്ചു പടിയിറങ്ങുന്നു.

വീട്ടില് വളർത്തുന്ന ആടുകളെ ഇരുട്ടിന്റെ മറവിൽ കൊന്നു തിന്നുന്ന പുലികൾ. ചക്ക തേടി വരുന്ന ആനക്കൂട്ടം, ചക്ക കിട്ടിയില്ലെങ്കിൽ പ്ലാവും തെങ്ങും വാഴകളും ചവുട്ടി അരച്ച് മുടിപ്പിച്ച് ഭയാനക അന്തരീക്ഷം സൃഷ്ടിച്ചു കടന്നു പോകുമ്പോൾ, നോക്ക് കുത്തികളായി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്.

നാല്പതും അമ്പതും വര്ഷങ്ങളില് കഷ്ടപ്പെട്ട് സ്വരുക്കൂട്ടിയ സകലതും ഉപേക്ഷിച്ചു ഓടേണ്ട ഗതികേടിലാണ് പാവം ജനങ്ങൾ.

മനുഷ്യജീവന് ആപത്ത് വരുമെന്ന് തോന്നുന്നതെന്തും ചോദ്യം ചെയ്യപ്പെടണം. ജനങ്ങളെ ഭയത്തിൽ ആക്കുന്ന ജീവികളെ ഉൽമൂലനാശം വരുത്തണം. പണ്ട് പേപ്പട്ടികളെ നാട്ടുകാർ ഓടിച്ചിട്ട് തല്ലിക്കൊല്ലുമായിരുന്നു. കടിച്ച മൂർഖൻ പാമ്പിനെ തിരഞ്ഞു പിടിച്ചു കൊന്നാലെ നാട്ടുകാർ അന്ന് ഉറങ്ങുമായിരുന്നുള്ളു. കാരണം പൊതുജീവിതത്തിൽ കുട്ടികളും സ്ത്രീ ജനങ്ങളും ഭയമില്ലാതെ വീടിനു പുറത്തിറങ്ങാനുള്ള സാഹചര്യം അനിർവാര്യമാണ്. സുരക്ഷിതത്വം മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യവും അവകാശവുമാണ് .മൃഗങ്ങളോട് ക്രൂരത ഒരിക്കലും കാട്ടരുത്. പക്ഷേ മൃഗങ്ങൾ മനുഷ്യനോട് ക്രൂരത കാട്ടിക്കൊണ്ടിരിക്കുമ്പോൾ, കയ്യും കെട്ടി സഹിച്ചിരിക്കണമോ? അതെന്തു ന്യായം, അതെന്തു നീതി ജനങ്ങളുടെ സർക്കാരേ ?.

ഒരു മേനകയോ ഹരിദാസോ റഹീമോ ഡാനിയേലോ വെറുതെ മൃഗസ്നേഹം കാണിച്ചാൽ, അതിന് മാത്രം പ്രാധാന്യം നൽകുന്ന ചട്ടങ്ങൾ ഉയർത്തിപിടിക്കാതെ, അതെല്ലാം തിരുത്തി കുറിക്കേണ്ട സമയം വൈകിയിരിക്കുന്നു. അല്ലെങ്കിൽ ജെയ് വിളിക്കാനോ പ്രതികരിക്കാനോ ആരുമുണ്ടാവില്ല.

കാരണം ഇന്ത്യയിലെ നിയമം അനുശാസിക്കുന്നത് ശ്രദ്ധിച്ചാലും.

'പത്തു രൂപയോ അതിൽ കൂടുതലോ വിലയുള്ള ഏതെങ്കിലും മൃഗങ്ങളെ കൊല്ലുകയോ, വിഷം കലർത്തുകയോ, അംഗഭംഗം വരുത്തുകയോ, ഉപയോഗശൂന്യമാക്കുകയോ ചെയ്താൽ, രണ്ടു വർഷം വരെ നീണ്ടുനിൽക്കുന്ന തടവോ പിഴയോ, അല്ലെങ്കിൽ രണ്ടും കൂടെയോ

ശിക്ഷ വിധിക്കേണ്ടതാണ്' (Section 428 of IPC (Indian Penal Code)

അപ്പോൾ മനുഷ്യ ജീവിക്ക് മാത്രം വിലയില്ല അല്ലേ ! അതോ പത്തു രൂപയിൽ കുറവാണോ അവന്റെ വില!

ബൈബിളിൽ ഉൽപത്തി 1:2627 പറയുന്നു 'അപ്പോൾ ദൈവം പറഞ്ഞു, 'നമുക്ക് നമ്മുടെ ഛായയിലും നമ്മുടെ സാദൃശ്യത്തിലും മനുഷ്യനെ ഉണ്ടാക്കാം. കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പക്ഷികളുടെയും കന്നുകാലികളുടെയും മുഴുവൻ ഭൂമിയുടെയും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജന്തുക്കളുടെയും മേൽ അവർ ആധിപത്യം സ്ഥാപിക്കട്ടെ'

പിന്നീട് പുറപ്പാട് 21.12 ഇൽ പറയുന്നു 'മനുഷ്യനെ അടിക്കുന്നവൻ/ ഉപദ്രവിക്കുന്നവ മരണശിക്ഷ അനുഭവിക്കണം' സംഗതി വ്യക്തമാണല്ലോ!

കേരളത്തിൽ മനുഷ്യന് ആപത്തു വരുത്തുന്ന ജീവികൾ ദൈന്യംദിനം പെരുകിക്കൊണ്ടേയിരിക്കുന്നു. മറ്റു പലരാജ്യങ്ങളിലും നിലവിലുള്ളതുപ്പോലെ, പെരുകുന്ന വന്യജീവികളുടെയും അലഞ്ഞു നടക്കുന്ന തെരുവുനായ്ക്കളുടേയും എണ്ണം നിയന്ത്രിക്കാൻ നിയമവും നടപടികളും കൊണ്ടുവന്നില്ലെങ്കിൽ, മനുഷ്യത്വം മരവിച്ചുപോകുന്ന നാളുകൾക്കു നാം സാക്ഷിയാകാൻ ബാക്കിയുണ്ടാവുമോ?

സമൂഹത്തോട് ഉത്തരവാദബോധമുള്ള സംസ്ഥാനസർക്കാറും നടപ്പിലാക്കേണ്ട വകുപ്പ് ഉദ്യോഗസ്ഥരും അതിനുപയുക്തമായ

ആര്ജവം കാട്ടാൻ തയ്യാറാകണം. മനുഷ്യൻ കഴിഞ്ഞിട്ടേ, മറ്റു മൃഗങ്ങൾക്കു വിലയുള്ളൂ, അങ്ങനെയാവണം നമ്മുടെ കാഴ്ചപ്പാടും നീതിശാസ്ത്രവും!

# നാല്പതാമതു പിസിഎൻഎകെ കോൺഫറൻസ് ചിക്കാഗോയിൽ

**ഹൂസ്റ്റൺ:** നാല്പതാമതു പിസിഎൻഎകെ കോൺഫറൻസ് ചിക്കാഗോയിൽ 2026 ജൂലൈ 25 വരെ ഷാബർഗിലുള്ള കൺവെൻഷൻ സെന്ററിൽ നടക്കും.

ഹുസ്റ്റനിൽ നടന്ന പിസിനാക്കിന്റെ വെള്ളിയാഴ്ച കൂടിയ ജനറൽബോഡി യോഗത്തിൽ 40 മത് പിസിനാക്കിന്റെ നാഷണൽ കമ്മിറ്റിയെ തിരഞ്ഞെടുത്തു.

എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായി സാം മാത്യു ന്യൂയോർക്ക് (നാഷണൽ സെക്രട്ടറി),








പ്രസാദ് ജോർജ് സിപിഎ കണക്കിക്കട് (നാഷണൽ ട്രഷറർ), ഡോ. ജോനാഥാൻ ജോർജ് (ഇംഗ്ലീഷ് വിഭാഗം കോർഡിനേറ്റർ), കുര്യൻ ഫിലിപ്പ് നാഷണൽ (മീഡിയ കോർഡിനേറ്റർ), പാസ്റ്റർ പി.വി മാമ്മൻ (നാഷണൽ പ്രയർ കോർഡിനേറ്റർ) എന്നിവരെ തിരഞ്ഞെടുത്തു. പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ ആണ് നാഷണൽ കൺവീനർ.

ലോക്കൽ കൺവീനർമാരായ ഡോക്ടർ ടൈറ്റസ് ഈപ്പൻ, പാസ്റ്റർ ജിജു ഉമ്മൻ, ലോക്കൽ സെക്രട്ടറിമാരായ ഡോക്ടർ ബിജു ചെറിയാൻ, ജോൺ മത്തായി, ലോക്കൽ ട്രഷറർമാരായ കെ. ഒ ജോസ് സിപിഎ, വർഗീസ് സാമുവേൽ, യൂത്ത് കോഡിനേറ്റർമാരായ ഡോക്ടർ വിൽസൻ എബ്രഹാം, പാസ്റ്റർ സാംസൺ സാബു എന്നിവർ നേതൃത്വം നൽകി. പാസ്റ്റർ ജോർജ് കെ സ്റ്റീഫൻസൺ ഓൺലൈനിലൂടെ പങ്കെടുത്തു.

# അസംബ്ലീസ് ഓഫ് ഗോഡ് ഇന്ത്യാ ഫെലോഷിപ്പ് ഓഫ് നോർത്ത് അമേരിക്ക റവ.വിൽസൺ ജോസ് വീണ്ടും പ്രസിഡന്റ്



**ന്യൂയോർക്ക്:** അസംബ്ലീസ് ഓഫ് ഗോഡ് ഇന്ത്യാ ഫെലോഷിപ്പ് ഓഫ് നോർത്ത് അമേരിക്കയുടെ പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു. മുൻ ഭാരവാഹികളായ റവ. വിൽസൺ ജോസ് നാഷണൽ പ്രസിഡന്റ്, റവ. കെ. ഓ ജോൺസൺ ഒക്കലഹോമ വൈസ് പ്രസിഡന്റ്, റവ. ബിജു തോമസ് ഡാളസ് നാഷണൽ സെക്രട്ടറി എന്നിവർ വീണ്ടും എക്സിക്യൂട്ടീവ് സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. വെർജിനയിൽ നിന്നുള്ള റവ. ജോൺ. സി. രാജൻ ആണ് പുതുതായി എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ട്രഷറർ. എ.ജി. മലയാളം ഡിസ്ട്രിക്ട് സീനിയർ ശുശ്രൂഷകൻ റവ. ടി. ജെ. രാജന്റെ മകനാണ് റവ. ജോൺസി രാജൻ. 2024-2026 വരെയാണ് ഈ സമിതിയുടെ കാലാവധി.

എല്ലാവർഷവും നടക്കുന്ന എ.ജി. മലയാളം സഭകളുടെ ഫാമിലി കോൺഫറൻസ് ( അജിഫ്ന) എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നിയന്ത്രണത്തിലാണ് നടന്നുവരുന്നത്. ഇപ്പോൾ 65 ലോക്കൽ സഭകളും 180 ശുശ്രൂഷകന്മാരും എ ജി ഐ എഫ് എൻ എ യുടെ അംഗത്വത്തോടെ പ്രവർത്തിക്കുന്നു. അമേരിക്കയിലും കാനഡയിലും ഉള്ള ഈ സഭകളെ മൂന്ന് റീജിയനുകളായി തിരിച്ചിരിക്കുന്നു. ഈസ്റ്റേൺ റീജിയൻ, സൗത്ത് വെസ്റ്റേൺ റീജിയൻ, ഗ്രേറ്റ്ലേക്സ് റീജിയൻ എന്നിവയാണ് ഈ മൂന്ന് റീജിയനുകൾ. ഇവയ്ക്ക് യഥാക്രമം റവ. മാനുവൽ ജോൺസൺ, റവ. കെ. സി. ജോൺ, റവ. രാജൻ ജോർജ് എന്നിവർ പ്രസിഡന്റുമാരായി നേതൃത്വം നൽകുന്നു.

# ഡോ. ജെയ്സൺ തോമസ് ചർച്ച് ഓഫ് ഗോഡ് ഇന്ത്യ കേരള സ്റ്റേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇന്ത്യ കേരള സ്റ്റേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ ആയി ഡോ. ജെയ്സൺ തോമസ് നിയമിതനായി. മുളക്കുഴയിൽ നടന്ന സമ്മേളനത്തിൽ ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് ഓവർസിർ പാസ്റ്റർ വൈ. റെജി യുടെ ഔദ്യോഗികമായി നിയമന വിവരം റവ. സി.സി. തോമസിന്റെ (ചർച്ച് ഓഫ് ഗോഡ് സൗത്ത് ഏഷ്യ സൂപ്രണ്ട്) സാന്നിധ്യത്തിൽ അറിയിച്ചു.

ഡോ. ജെയ്സൺ തോമസ് ഇന്ത്യയിലും ദക്ഷിണേഷ്യയിലും മൂന്നര പതിറ്റാണ്ടിലേറെയായി വേദശാസ്ത്ര അധ്യാപകനായി സേവനമനുഷ്ഠിച്ചു വരുന്നു. 2005 മുതൽ 2008 വരെ ഇന്ത്യ ക്രിസ്ത്യൻ അസംബ്ലി, ബെൽഫാസ്റ്റ് യുകെയുടെ സീനിയർ പാസ്റ്ററായിരുന്നു. ചിങ്ങവനം ചർച്ച് ഓഫ് ഗോഡിന്റെ (ശാലേം ചർച്ച്) സജീവ അംഗമായ ഡോ. ജെയ്സൺ തോമസ് യുകെയിലെ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് മാസ്റ്റർ ഓഫ് തിയോളജി (MTh), ക്യൂൻസ് യൂണിവേഴ്സിറ്റി ഓഫ് ബെൽഫാസ്റ്റ് യുകെ യിൽ നിന്നും ഡോക്ടർ ഓഫ് ഫിലോസഫി (PhD എന്നിവ നേടി.



ആസ്ബറി തിയോളജിക്കൽ സെമിനാരി യുഎസ്എയിൽ നിന്നും ഫുള്ളർ തിയോളജിക്കൽ സെമിനാരി യുഎസ്എയിൽ നിന്നും രണ്ട് പോസ്റ്റ് ഡോക്ടറൽ റീഡിംഗുകളും പൂർത്തിയാക്കിയിട്ടുണ്ട്.

ഡോ. ജെയ്സൺ തോമസ് ദീർഘ വർഷങ്ങൾ പായിപ്പാട് ന്യൂ ഇന്ത്യ ബൈബിൾ സെമിനാരിയുടെ പ്രിൻസിപ്പൽ ആയി സേവനമനുഷ്ഠിച്ചു. നിലവിൽ ഡോ. ജെയ്സൺ തോമസ് യുണൈറ്റഡ് വേൾഡ് മിഷൻ മെസ ഗ്ലോബലിന്റെ സൗത്ത് ഏഷ്യ റീജിയണൽ ഡയറക്ടറും ദൈവശാസ്ത്ര വിദ്യാഭ്യാസ കൺസൾട്ടന്റുമായി പ്രവർത്തിക്കുന്നു.

കൂടാതെ ഏഷ്യ തിയോളജിക്കൽ അസോസിയേഷന്റെ (എടിഎ) കൺസൾട്ടന്റായും അക്രഡിറ്റേഷൻ ഇവാലുവേഷൻ ടീമിലെ അംഗമായും സേവനമനുഷ്ഠിക്കുന്നു.

ദക്ഷിണേഷ്യയിൽ മെസ ഗ്ലോബലിൽ ദൈവശാസ്ത്ര വിദ്യാഭ്യാസ ഉപദേഷ്ടാവായും ATA യുടെ കമ്മീഷൻ ഫോർ അക്രഡിറ്റേഷൻ ആൻഡ് എജ്യുക്കേഷണൽ ഡെവലപ്മെന്റ് (CAED) അംഗമായും സേവനം അനുഷ്ഠിക്കുന്നു.

ഡോ. ജെസ്സി ജെയ്സനാണ് ഭാര്യ. മക്കൾ: എബ്രഹാം ജെയ്സൺ ഭാര്യ:ഷെറിൻ, അകിൽ ജെയ്സൺ ഭാര്യ: കൃപ.

# ഇന്ത്യൻ ഭരണഘടനയുടെ അഖണ്ഡത സംരക്ഷിക്കപ്പെടണം,രാഹുൽ ഗാന്ധി










ഡാലസ്: ഇന്ത്യയിൽ ബി ജെ പി ഗവണ്മെന്റ് തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുന്ന ഭരണഘടന ലംഘനം അനുവദിച്ചു കൊടുക്കുവാൻ കഴിയില്ലെന്നും ഇന്ത്യൻ ഭരണഘടനയുടെ അഖണ്ഡത സംരക്ഷിക്കുവാൻ കോൺഗ്രസ് പ്രതിജ്ഞാബദ്ധമാണെന്നും മുൻ കോൺഗ്രസ് പ്രസിഡന്റും ലോക്സഭാ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി പറഞ്ഞു . സെപ്റ്റംബർ 8 നു ഡാളസ് ഇർവിങ് ടൊയോട്ട മ്യൂസിക് ഫാക്ടറിയിൽ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് സംഘടിപ്പിച്ച സ്വീകരണ സമ്മേളനത്തിൽ സദസ്സിനെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു രാഹുൽ ഗാന്ധി. ഓണം ഗണേഷ് ചതുർഥി ആശംസകൾ നേർന്നുകൊണ്ടാണ് രാഹുൽ പ്രസംഗം ആരംഭിച്ചത് . ലോകത്തിലെ ഏറ്റവും വലിയതും പഴക്കമേറിയതുമായ ജനാധിപത്യ രാഷ്ട്രങ്ങളായ ഇന്ത്യയും അമേരിക്കയും സംസ്ഥാനങ്ങളുടെ ഒരു യൂണിയനാണെന്നും എല്ലാ സംസ്ഥാനങ്ങളെയും , അവിടെ വസിക്കുന്ന ജനതയേയും സംസ്കാരത്തെയും മതങ്ങളെയും ഒരേപോലെ കാണുവാൻ കഴിയണമെന്നും അവിടെ മാത്രമേ ജനാധിപത്യത്തിന്റെ വിജയം അവകാശപ്പെടുവാൻ കഴിയുകയുളൂവെന്നും രാഹുൽ കൂട്ടിച്ചേർത്തു

കഴിഞ്ഞ ലോകസഭാ തിരഞ്ഞെടുപ്പോടെ ബി ജെ പിയെ കുറിച്ചുള്ള ഭയം ജനങ്ങളിൽ നിന്നും അപ്രത്യക്ഷമായിരിക്കുന്നു. സ്നേഹം, ബഹുമാനം താഴ്മ എന്നെ സദ്ഗുണങ്ങൾ ഇന്ത്യൻ രാഷ്ട്രീയത്തിൽ നിന്നും അന്യമായികൊണ്ടിരിക്കുന്നു . മറ്റുള്ളവരെ സ്നേഹിക്കുന്നതിനും ബഹുമാനിക്കുന്നതിനും, താഴ്മയോടെ പെരുമാറുന്നതിനും നാം ശ്രമിക്കണമെന്നും രാഹുൽ പറഞ്ഞു. രാഹുൽജിയെ കാണുന്നതിനും, പ്രഭാഷണം കേൾക്കുന്നതിനും അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും ടെക്സസ്സിന്റെ വിവിധ സിറ്റികളിൽ നിന്നും ആയിരങ്ങളാണ് ഞായറാഴ്ച ഉച്ചയോടെ ഡാലാസിലേക്കു ഒഴുകിയെത്തിയത്. രാഹുല്ജിയുടെ പ്രസംഗത്തിനിടിയിൽ പലപ്പോഴും പതാകകൾ വീശിയും പ്ലക്കാർഡുകൾ ഉയർത്തിയും മുദ്രാവാക്യം വിളിച്ചും കോൺഗ്രസ് പ്രവർത്തകരുടെ ആവേശം പ്രകടമായിരുന്നു. ലോക്സഭയിലെ പ്രതിപക്ഷ നേതാവായതിന് ശേഷം രാഹുൽ ഗാന്ധിയുടെ ആദ്യ യുഎസ് സന്ദർശനത്തിന്റെ വിശദാംശങ്ങൾ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ചെയർമാൻ സാം പിത്രോഡ വിശദീകരിച്ചു.പ്രതിപക്ഷ നേതാവ് എന്ന നിലയിൽ രാഹുൽ ഗാന്ധിയുടെ പ്രവർത്തനങ്ങൾ പ്രീതീക്ഷകൾക്കപ്പുറമാണെന്നു,' പിട്രോഡ പറഞ്ഞു.സ്വീകരണ സമ്മേളനത്തിൽ എ ഐ സി സി ജനറൽ സെക്രട്ടറി ആരതീ കൃഷ്ണൻ, കോൺഗ്രസ് നേതാക്കളായ മൊഹിന്ദർ സിങ്, ജോർജ് എബ്രഹാം ഉൾപ്പെടെ നിരവധി കോൺഗ്രെസ് നേതാക്കൾ പ്രസംഗിച്ചു.

**പി പി ചെറിയാൻ**

## അമേരിക്കൻ രാഷ്ട്രീയം

# മൈക്ക് പ്രശ്നം അമേരിക്കയിലും



**ഏബ്രഹാം തോമസ്**

യു.എസ്. പൊതു തിരഞ്ഞെടുപ്പും പ്രസിഡന്റ് തിരഞ്ഞെടുപ്പും ചൂടു പിടിക്കുമ്പോൾ ഇ-മെയിൽ ധനാഭ്യർത്ഥനകൾ വർധിക്കുകയാണ്. ഇന്ന് ലഭിച്ച ഡെമോക്രാറ്റിക് പ്രസിഡന്റ് (വൈസ് പ്രസിഡന്റ് കമല ഹാരിസ്), വൈസ് പ്രസിഡന്റ് (ടിം വാൾസ്)സ്ഥാനാർത്ഥികളുടെ ധനാഭ്യർത്ഥനയിൽ ആവശ്യപ്പെട്ടിരിക്കുന്നത് 59 ഡോളറാണ്. കാരണം തിരഞ്ഞെടുപ്പിന് ഇന്നു മുതൽ (സെപ്തംബർ 7 മുതൽ) 59 ദിവസങ്ങളാണ ഉള്ളത് എന്നും വിശദീകരിക്കുന്നു.

കഴിഞ്ഞ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ജോ ബൈഡന് മെഗാ ഡോണർമാരുൾപ്പെടെ ദാതാക്കൾ ആവേശപൂർവ്വം സംഭാവന ചെയ്തു. ഇത്തവണയും ഹാരിസിനെ മൾട്ടി മില്യൺ ദാതാക്കൾ കൈയയച്ച് സഹായിക്കുന്നു; എതിർസ്ഥാനാർത്ഥികൾ റിപ്പബ്ലിക്കൻ മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെയും പിന്തുണയ്ക്കുവാൻ ധാരാളം ധനാഢ്യർ ഉണ്ട്. പക്ഷേ, മാധ്യമങ്ങൾ ഭൂരിപക്ഷവും ഹാരിസിനോട് മൃദുസമീപനം സ്വീകരിക്കുന്നതിനാൽ ദാതാക്കളും അനുകൂലമാണ്. നൽകുന്ന ഓരോ ഡോളറിന്റെയും പല ഇരട്ടി തിരിച്ചു പിടിക്കാൻ ഏതു പക്ഷം ചേരണം ഏതു പക്ഷം ചേരണം എന്നവർ കടുത്ത ചിന്തയിലാണ്.

ആദ്യമായി രണ്ടു സ്ഥാനാർത്ഥികളും നേർക്കുനേർ പ്രത്യക്ഷപ്പെട്ട് സംവാദം നടത്തുന്നത് സെപ്റ്റംബർ 10 ചൊവ്വാഴ്ചയാണ്. കാണികൾ ഉണ്ടാവില്ല, സഹായിക്കുവാൻ പ്രോപ്റ്ററുകളും ഉണ്ടാവില്ല എന്നാണ്, ഇതേ നിയമങ്ങൾ ബൈഡനും ട്രംപും ജൂണിൽ ഡിബേറ്റ് നടത്തുമ്പോഴും പ്രഖ്യാപിച്ചിരുന്നു. എന്നാൽ ബൈഡൻ പ്രോംപ്ടറുകളെ പലപ്പോഴും ആശ്രയിച്ചിരുന്നവെന്ന് ആരോപണം ഉണ്ടായിരുന്നു. ബൈഡന്റെ മോശം പ്രകടനം കാരണം ഈ ആരോപണം അധികമാരും ഗൗരവത്തിലെടുത്തില്ല.

ഹാരിസ്-ട്രംപ് ഡിബേറ്റിൽ ഒരാളുടെ ഉത്തരം കഴിഞ്ഞാൽ അയാളുടെ മൈക്രോഫോൺ നിശബ്ദമാക്കരുത് എന്ന് ഹാരിസ് ആവശ്യപ്പെട്ടു. സംസാരിക്കുവാൻ അനുവദിച്ച സമയം കഴിഞ്ഞാലും തന്റെ വാക്കുകൾ അവസാനിപ്പിക്കാതെ പലരും തുടരാറുണ്ട്. ഇത് പ്രോത്സാഹിപ്പിക്കാതിരിക്കുവാനാണ് മൈക്ക് നിശബ്ദമാക്കുന്നത്. ഹാരിസ് ഇത് എതിർക്കുന്നു. തുടർന്നും ട്രംപ് സംസാരിക്കുമ്പോൾ ആ 'വലിയ വായി'ൽനിന്ന് വീഴുന്ന പ്രതിഷേധാത്മകമായ കമന്റുകൾ ഉയർത്തിക്കാട്ടി പ്രതിഷേധിക്കുകയായിരിക്കണം ഹാരിസിന്റെ ഉദ്ദേശം. ഹാരിസിന്റെ വാക്കുകൾ മൗനമാക്കപ്പെട്ടില്ലെങ്കിൽ വളരെ വലിയ ഉച്ചത്തിലുള്ള അവരുടെ ചിരി ഉയർന്നു നില്ക്കും.

ഹാരിസ് 4 വർഷത്തെ ബൈഡന്റെയും തന്റെയും നേട്ടങ്ങളെക്കുറിച്ച് സംസാരിക്കാറില്ല. താൻ പ്രസിഡന്റായാൽ ചെയ്യാൻ പോകുന്ന ജനോപകാരപ്രവർത്തനങ്ങളെക്കുറിച്ചും സംസാരിച്ചിരുന്നില്ല. ഒടുവിൽ വളരെ വൈകി പുതിയതായി ജനിക്കുന്ന കുട്ടിക്ക് 6,000 ഡോളർ നൽകുമെന്ന് പറഞ്ഞു. ഓരോ കുട്ടിക്കും മാതാപിതാക്കളുടെ വരുമാനത്തിൽ 6,500 ഡോളർ ഏൺഡ് ഇൻകം ക്രെഡിറ്റിന് ശേഷം മാത്രം നികുതി നൽകേണ്ട പദ്ധതി കാലാവധി കഴിഞ്ഞപ്പോൾ അവസാനിക്കുകയായിരുന്നു. ഹോട്ടൽ ജീവനക്കാർക്കും മറ്റും ലഭിക്കുന്ന ടിപ്പുകൾ വരുമാനത്തിൽ കൂട്ടി അതിനും നികുതി ചുമത്തുന്ന പതിവ് അവസാനിപ്പിക്കുവാൻ ഉദ്ദേശമുണ്ടെന്ന് ഹാരിസ് പറഞ്ഞു. ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ ഫെഡറൽ ബജറ്റിലെ കമ്മി 1.6 ട്രില്യൻ ഡോളർ അധികം ഉയരും.